ദി ഡിഫൻഡർ

Vol. No. 11 Issue No. 12 RNI Reg. No. 68089 / 97 Published From Perumbavoor 2008 JUNE 16 Price: Rs.100/- P.A.

# ഈ കണ്ണുനീർ കാണാനാളില്ലേ?

ഇന്ത്യയിലെ തെരുവുകുട്ടികളുടെ ചിത്രങ്ങൾ സായിപ്പിനെ കാണിച്ച് 200 കോടിയോളം രൂപ സമ്പാദിച്ച പിതാവും പുത്രനും കുമ്പനാട്ട് വിലസുന്നു. കെ.ഇ.ഏബ്രഹാം ഫൗണ്ടേഷൻ എന്ന പേരിൽ സ്വകാര്യ സംഘടനയുണ്ടാക്കിയാണ് തട്ടിപ്പ്.

കുമ്പനാട് ആസ്ഥാനമായി പ്രവർത്തിച്ചുവരുന്ന ഐ.പി.സി എന്ന പെന്തക്കോസ്ത് സംഘടനയുടെ നേതൃസ്ഥാനത്തുള്ളവരാണ് ടി.എസ്.ഏബ്രഹാമെന്ന പിതാവും വൽസൻ ഏബ്രഹാമെന്ന പുത്രനും. പക്ഷേ ഇവർ ഐ.പി.സിയുടെ നേതാക്കളായിരിക്കുമ്പോൾത്തന്നെ മറ്റൊരു കുടുംബ സംഘടന രജിസ്റ്റർ ചെയ്ത് വ്യാപകമായി പണപ്പിരിവ് നടത്തിവരുന്നു. ഐ.പി.സിക്കുവേണ്ടി ലഭിക്കുന്ന പണം ഇവർ തങ്ങളുടെ സ്വന്തം സംഘടനയുടെ സ്വത്താക്കിമാറ്റുന്നു.

പത്തനംതിട്ട ജില്ലാ രജിസ്ട്രാർ ഓഫീസിൽ പി.268/89 ആയി രജിസ്റ്റർ ചെയ്തിരിക്കുന്ന കെ.ഇ.ഏബ്രഹാം ഫൗണ്ടേഷൻ എന്ന ചാരിറ്റബിൾ സൊസൈറ്റിയുടെ മറവിലാണ് ഇവർ കള്ളക്കളികൾ നടത്തുന്നത്. കേവലം ഏഴ് അംഗങ്ങൾ മാത്രമുള്ള ഈ സൊസൈറ്റിയിൽ അഞ്ചുപേരും ടി.എസ്.ഏബ്രഹാമിന്റെ കുടുംബാംഗങ്ങളാണ്. ബാക്കിയുള്ള രണ്ടുപേർ ഇവരുടെ ആജ്ഞാനുവർത്തികളും. നിയമത്തിന്റെ പഴുതുപയോഗിച്ചുള്ള ശുദ്ധ തട്ടിപ്പ്. വർഷംതോറും പത്തു കോടിയോളം രൂപയാണ് ഈ സംഘടനക്ക് വിദേശത്തുനിന്നു ലഭിക്കുന്നത്.



www.indiago.org/view/38/2701/Christmas-for-India.html

ഇത്ര വലിയൊരു തുക വിദേശത്തുനിന്നു ലഭിക്കുന്നതെങ്ങനെ എന്നു സംശയമുണ്ടാകാം. സംഗതി സിമ്പിൾ. ഇന്ത്യാ ഗോസ്പൽ ഔട്ട്റീച്ച് എന്ന പേരിൽ ഇവർ അമേരിക്കയിൽ ഒരു സംഘടന രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇന്ത്യയെ സുവിശേഷീകരിക്കുക, ഇന്ത്യയിലെ സാധുക്കൾക്ക് സഹായം നൽകുക തുടങ്ങിയതൊക്കെയാണ് ഉദ്ദേശ്യലക്ഷ്യങ്ങൾ. ഇന്ത്യയിലെ സാധുക്കളായ തെരുവുകുട്ടികളുടെ ചിത്രങ്ങൾ വച്ച് ബ്രോഷറും മറ്റും ഉണ്ടാക്കി വിതരണം നടത്തുന്നു. കൂടാതെ, www.indiago.org എന്ന പേരിൽ ഒരു വെബ്സൈറ്റുമുണ്ട്. ഈ വെബ്സൈറ്റിൽ കാണുന്ന ഒരു ചിത്രമാണ് ഇതോടൊപ്പം കൊടുത്തിരിക്കുന്നത്. ഇത്തരം ചിത്രങ്ങൾ കണ്ടാൽ സായിപ്പ് പണം കൊടുത്തുപോകും. പക്ഷേ ഈ തെരുവുകുട്ടികളുടെ ചിത്രം പ്രദർശിപ്പിച്ച് ഈ നീചൻമാർ പിരിച്ചെടുക്കുന്ന പണമത്രയും ഇവരുടെ സ്വകാര്യ സ്വത്തായി മാറുന്നു.

കുമ്പനാട്ട് ഹെബ്രോൻ പുരത്തു കാണുന്ന കെട്ടിടങ്ങളിൽ ഭൂരിപക്ഷവും കെ.ഇ.ഏബ്രഹാം ഫൗണ്ടേഷന്റെ വകയാണ്. ഈ കെട്ടിടങ്ങൾക്കു മാത്രം അനേക കോടി രൂപ വിലമതിക്കും. ഇവ കൂടാതെ ഒട്ടേറെ ഭൂസ്വത്തുക്കളും കെട്ടിടങ്ങളും ഇവർ തെരുവുകുട്ടികളുടെ കണ്ണുനീർ വിറ്റ് സമ്പാദിച്ചിട്ടുണ്ട്. മൂന്നുവർഷം മുൻപ് തിരുവല്ല ഓതറയിൽ 35 ഏക്കർ റബ്ബർ തോട്ടം വാങ്ങി. (Survey Nos: 227/1, 304/1, 304/3-1, 304/3-2, 304/3-3, 304/3-4, 304/3-5, 304/3-6 in Block No. 12 of Eraviperoor Village. Sale deed No. 303/2004). ഇതുകഴിഞ്ഞും ഇവർ വിവിധ പ്രദേശങ്ങളിൽ ഭൂസ്വത്തു വാങ്ങിയിട്ടുണ്ട്.

ഇതിനേക്കാളെല്ലാം പ്രാധാന്യം അർഹിക്കുന്ന ഒരു പ്രശ്നവും ഇവിടെയുണ്ട്. ജീവകാരുണ്യ പ്രവർത്തനത്തിനെന്നു പറഞ്ഞ് ഇവർ കൊണ്ടുവരുന്ന വിദേശപ്പണത്തിന്റെ നല്ലൊരു പങ്ക് അതിർത്തി സംസ്ഥാനമായ പഞ്ചാബിലാണ് ചെലവഴിക്കുന്നത്. പത്തനംതിട്ടയിൽ രജിസ്റ്റർ ചെയ്ത ഒരു ചാരിറ്റബിൾ സൊസൈറ്റി പഞ്ചാബിലേക്ക് വിദേശപ്പണം ഒഴുക്കുന്നതിന്റെ പിന്നിലുള്ള രഹസ്യമെന്തെന്നറിയാൻ ഓരോ ഇന്ത്യൻ പൗരനും അവകാശമുണ്ട്.

പറയത്തക്ക ജോലിയോ വരുമാനമാർഗ്ഗമോ ഇല്ലാത്ത ടി.എസ്.ഏബ്രഹാമിന് ഏറ്റവും വലിയ നിക്ഷേപകനുള്ള അവാർഡ് കുമ്പനാട്ടുള്ള ഒരു ബാങ്ക് നൽകുകയുണ്ടായി. ഇത്രയധികം പണം ഇയാൾക്ക് എങ്ങനെകിട്ടി? കള്ള സ്വാമിമാരുടെ സ്വത്തുവിവരങ്ങൾ അന്വേഷിക്കുന്ന സർക്കാർ പെന്തക്കോസ്തിലെ ഏറ്റവും വലിയ കള്ളനായ ടി.എസ്.ഏബ്രഹാമിന്റെ സ്വത്തുവിവരങ്ങൾ അന്വേഷിക്കാത്തതെന്തുകൊണ്ട്? കാഷായത്തിനു പകരം ഇയാൾ വെള്ളവസ്ത്രം ധരിക്കുന്നതുകൊണ്ടാണോ?

# രാജ്യദ്രോഹി നേതാവായി



സർക്കാരിനെതിരെ പെന്തക്കോസ്തുകാരെ ഇളക്കുന്നതിന്റെ നേതൃത്വം കെ.എ.ഏബ്രഹാം എന്ന രാജ്യദ്രോഹി ഏറ്റെടുത്തു. ഈ കലാപരിപാടിക്ക് നേതൃത്വം കൊടുത്തിരുന്ന കെ.സി. ജോൺ അമേരിക്കൻ പര്യടനത്തിനു പോയ ഒഴിവിലാണ് അവറാൻ നേതൃത്വം ഏറ്റെടുത്തത്.

പെന്തക്കോസ്തിലെ പ്രമുഖ വിവരദോഷിയാണ് ശ്രീമാൻ കെ.എ.ഏബ്രഹാം. വായ് തുറന്നാൽ മിനിമം ഒരു വിവരക്കേട് ഉറപ്പ്. ദേശീയപതാകക്ക് പുതിയ വ്യാഖ്യാനം നൽകി രാജ്യദ്രോഹം ചെയ്ത ഈ ചങ്ങാതി പെന്തക്കോസ്തിലെ വിഡ്ഢികളുടെ പ്രിയ പ്രസംഗകനാണ്.

മതത്തിന്റെ മറവിൽ നടക്കുന്ന തട്ടിപ്പുകൾക്കെതിരെ നടപടിയെടുക്കുന്നതിന്റെ ഭാഗമായി തങ്കു, കെ.പി.യോഹന്നാൻ തുടങ്ങിയവർക്കെതിരെ സർക്കാർ അന്വേഷണം നടത്തുന്നത് കെ.സി. ജോണിന്നും അവറാനും മറ്റും രസിക്കുന്നില്ല. അതുകൊണ്ട് ഈ സർക്കാരിനെ എങ്ങനെയെങ്കിലും മറിച്ചിടണമെന്നാണ് തീരുമാനം. അതിനായി ഇവർ ചില രഹസ്യ യോഗങ്ങൾ ചേർന്നിരുന്നു. ഇപ്പോൾ പരസ്യമായാണ് പ്രവർത്തനം. ഈ ഉദ്ദേശ്യത്തോടെ കഴിഞ്ഞ 10-ാം തീയതി തിരുവല്ല ശാരോനിൽ ഇവർ യോഗം ചേർന്നിരുന്നു. (8-ാം പേജ് നോക്കുക). നിയമാനുസൃതം തെരഞ്ഞെടുക്കപ്പെട്ട സർക്കാരിനെ മറിച്ചിടാൻ പദ്ധതിയിടുന്ന ഇത്തരക്കാർക്കെതിരെ നിയമനടപടിയുണ്ടാകണം.

# പീഡകളുടെ കഥകളുമായി കെ.സി.ജോൺ അമേരിക്കയിൽ

പീഡകളുടെ നിറംപിടിപ്പിച്ച കഥകളുമായി ചുമ്മാഡോ കെ.സി.ജോൺ അമേരിക്കയിൽ ലാന്റ് ചെയ്തിരിക്കുന്നു. സർക്കാരിനെ മറിച്ചിടാനുള്ള നീക്കത്തിന്റെ ഭാഗമായി തിരുവനന്തപുരത്തു നടത്താൻ ഉദ്ദേശിക്കുന്ന റാലിക്കു പണം പിരിക്കാനാണ് കെ.സി.ജോൺ അമേരിക്കയിലെത്തിയിരിക്കുന്നത്.



ആത്മീയതയുടെ മറവിൽ തട്ടിപ്പു നടത്തുന്നവർക്കെതിരെ സർക്കാർ നടപടിയെടുക്കുന്നത് മതപീഡയായി വ്യാഖ്യാനിച്ച് പണം തട്ടാനാണ് കെ.സി. ജോൺ ശ്രമിക്കുന്നത്. കെ.പി. യോഹന്നാനെതിരെ പ്രകടനം നടത്തിയവർ കെ.സി.ജോണിന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്ന പവ്വർ വിഷൻ ചാനലിന്റെ ബോർഡിനുനേരേ കല്ലെറിഞ്ഞിരുന്നു. കൂടാതെ, രാജു പൂവക്കാലയുടെ സഭാഹാളിനുനേരേയും കല്ലേറുണ്ടായി. ഈ സംഭവങ്ങൾ അത്യുഗ്രൻ മതപീഡയായി ചിത്രീകരിച്ച് അമേരിക്കൻ ക്രിസ്ത്യാനികളുടെ മനസ്സിളക്കി പണപ്പിരിവു നടത്താനാണ് പദ്ധതി. ഇടതുപക്ഷ സർക്കാർ ക്രിസ്ത്യാനികൾക്ക് എതിരാണെന്നു പ്രചരിപ്പിച്ച് മതവികാരം ഇളക്കിവിടാനും അതിലൂടെ ലഭിക്കുന്ന സഹതാപതരംഗം ഡോളറാക്കി മാറ്റാനും കെ.സി.ജോണിന് ബുദ്ധിമുട്ടുണ്ടാകില്ല. ഈ വിധത്തിൽ ലഭിക്കുന്ന പണം ഉപയോഗിച്ച് സർക്കാർ വിരുദ്ധ പ്രവർത്തനം നടത്താനും രാഷ്ട്രീയ നേട്ടങ്ങളുണ്ടാക്കാനുമാണ് ശ്രമം.

പുനലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന അസംബ്ലീസ് ഓഫ് ഗോഡിന്റെ നേതാവായ ടി.ജെ.ശാമുവൽ കെ.സി. ജോണിന്റെ നീക്കത്തിന് സർവ്വ പിൻതുണയും നൽകിയിരുന്നു. എന്നാൽ സ്വന്തം കാര്യസാദ്ധ്യത്തിനായി കെ.സി.ജോൺ ഏവരേയും കരുവാക്കുകയാണെന്നു മനസ്സിലാക്കിയ ടി.ജെ.ശാമുവൽ ഇപ്പോൾ കെ.സി.ജോണുമായി അത്ര രസത്തിലല്ല.

അറിയപ്പെടുന്ന രാജ്യദ്രോഹിയായ കെ.എ.ഏബ്രഹാമാണ് ഇപ്പോൾ കെ.സി.ജോണിന്റെ വലംകൈ. കെ.സി.ജോണിന്റെ സഹായത്താൽ ഒരു അമേരിക്കൻ വിസ സംഘടിപ്പിക്കാമെന്നും അതിലൂടെ ഡോളർ വാരിക്കൂട്ടാമെന്നും കെ.എ.ഏബ്രഹാം കരുതുന്നു. ഇത്തരക്കാരുടെ തട്ടിപ്പുകൾ ഏവരും തിരിച്ചറിയണം.

**B.Sc. / Gen. Nursing**
**കുറഞ്ഞ ചെലവിൽ പഠിക്കാം**

കുറഞ്ഞ ചെലവിൽ ആന്ധ്രയിൽ നഴ്സിംഗ് പഠിക്കാം.
ഐ.എൻ.സി. അംഗീകാരമുള്ള പ്രശസ്തമായ സ്ഥാപനം.
ബാങ്ക് ലോണിനുള്ള പേപ്പറുകൾ നൽകുന്നതാണ്.
നിരവധി മലയാളി കുട്ടികൾ പഠിക്കുന്നു.
തികച്ചും സുരക്ഷിതമായ അന്തരീക്ഷം.
**കൂടുതൽ വിവരങ്ങൾക്ക്:** 04868-288260
(പ്രത്യേക ശ്രദ്ധക്ക്: അഡ്മിഷൻ ലഭിക്കാൻ സഹായം ചെയ്യുന്നതിന് ഒരുവിധത്തിലുള്ള ഫീസും ഈടാക്കുന്നതല്ല. ഇത് തികച്ചും സൗജന്യമായ സേവനമാണ്).

ദി ഡിഫെൻഡർ
Vol. No.11 Issue No. 12 2008 June 16

# വക്കീലൻമാർ ഇത്ര തരംതാഴരുത്

റോയൽ പ്രൊഫഷൻ എന്ന പേരിലാണ് വക്കീൽ ജോലി അറിയപ്പെടുന്നത്. ഈ ജോലിക്ക് ലോകമെമ്പാടുമുള്ള മാന്യത എത്രത്തോളമെന്ന് ഇതിൽനിന്നുതന്നെ മനസ്സിലാക്കാം. പണ്ടുകാലത്ത് വക്കീലൻമാർ ഫീസ് കൈയ്യിൽ വാങ്ങാറില്ലായിരുന്നത്രേ. ഫീസ് എത്രയെന്ന് വക്കീൽ പറയുകയുമില്ല. കക്ഷികൾ തങ്ങളുടെ ധനസ്ഥിതിക്കനുസരിച്ച് ഫീസ് നൽകും. നേരിട്ടു നൽകുകയല്ല, വക്കീലിന്റെ കോട്ടിന്റെ പിന്നിലുള്ള പോക്കറ്റിൽ നിക്ഷേപിക്കയായിരുന്നു ചെയ്തിരുന്നത്. ആ പോക്കറ്റിന്റെ നീക്കുബാക്കി ഇപ്പോഴും അപ്പൻഡിക്സ് പോലെ വക്കീൽക്കോട്ടിന്റെ പിന്നിൽ കാണാം.

ഇതൊക്കെ അന്തക്കാലത്തെ കാര്യം. ഇന്ന് ഭൂരിപക്ഷം വക്കീലൻമാരും ഫീസ് കണക്കുപറഞ്ഞു വാങ്ങും. അത് ഗുരുതരമായ തെറ്റാണെന്നു പറയാനുമാവില്ല. ചോദിച്ചു വാങ്ങിയില്ലെങ്കിൽ ഫീസ് കിട്ടിയില്ലെന്നു വരും. ഫീസ് കിട്ടാതെ വക്കീലിനു ജീവിക്കാനാവില്ലല്ലോ. കോട്ടിന്റെ പോക്കറ്റിൽ ഫീസിടുന്ന പരിപാടിയും ഇപ്പോഴില്ല, ഉണ്ടാകേണ്ട കാര്യവുമില്ല. പക്ഷേ അഡ്വക്കേറ്റ്സ് ആക്ടിന്റെ പരിധിയിൽ നിന്നുകൊണ്ടു പ്രവർത്തിക്കാൻ എല്ലാ അഡ്വക്കേറ്റുകളും ബാദ്ധ്യസ്ഥരാണ്. പക്ഷേ ഈയിടെയായി തിരുവനന്തപുരത്തു നടക്കുന്ന സംഭവങ്ങൾ ലോകമെമ്പാടുമുള്ള വക്കീലൻമാർക്ക് അപമാനകരമാണെന്ന് പറയാതെവയ്യ.

തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് പുന:സ്ഥാപിക്കണമെന്ന ആവശ്യം ന്യായമോ അന്യായമോ എന്ന വിഷയത്തിലേക്കു കടക്കുന്നില്ല. ഈ ആവശ്യം ന്യായമാണെന്ന് വാദത്തിനുവേണ്ടി സമ്മതിക്കയും ചെയ്യുന്നു. പക്ഷേ ഈ ആവശ്യം നേടിയെടുക്കാനായി വക്കീലൻമാർ നടത്തുന്ന സമരം എല്ലാ മാന്യതയും കാറ്റിൽ പറത്തിയാണ് മുന്നേറുന്നത്. ചീഫ് ജസ്റ്റീസിനേയും ജഡ്ജിയേയും അപമാനിക്കുക, ജില്ലാ കോടതിയുടെ ഉത്തരവു ലംഘിച്ച് സമരം നടത്തുക, കോടതിയുടെ ഉത്തരവ് അനുസരിക്കയില്ലെന്നു പ്രഖ്യാപിക്കുക, യൂണിഫോം ധരിച്ചുകൊണ്ട് സമരാഭാസം നടത്തുക തുടങ്ങിയതൊന്നും വക്കീലൻമാർ ചെയ്യാൻ പാടില്ലാത്തതാണ്. റോയൽ പ്രൊഫഷനെ ഇവർ ഗുണ്ടായിസത്തിന്റെ പര്യായമാക്കുകയാണ്. ഇത്തരം ഹീനമായ നടപടിദൂഷ്യങ്ങൾക്കെതിരെ അച്ചടക്ക നടപടിയെടുക്കാനുള്ള ബാദ്ധ്യത ബാർ കൗൺസിലിനുണ്ട്. ആരെങ്കിലും പരാതി തരുന്നതുവരെ കാക്കാതെ ബാർ കൗൺസിൽ സ്വമേധയാ നപടിയെടുക്കണം.

**ഡിഫെൻഡർ പി.ഡി.എഫ് ഫോർമാറ്റിൽ ഇന്റർനെറ്റിൽ ലഭ്യമാണ്.**

*Please Visit:* **www.tsbalan.com**

ബൈബിൾ റേഡിയോ

**www.thebibleradio.com**

**For more Details: tsbalan@yahoo.com**

## വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 100 രൂപ
ആയുഷ്ക്കാല വരിസംഖ്യ: 1000 രൂപ
വിദേശം: (വാർഷിക വരിസംഖ്യ)
അമേരിക്ക: 30 ഡോളർ
മറ്റു രാജ്യങ്ങൾ: 800 രൂപ
**വിലാസം:**
**റ്റി.എസ്.ബാലൻ, ആനന്ദ് ഭവൻ**
**കെ.എസ്.ആർ.റ്റി.സിക്ക് സമീപം,**
**പെരുമ്പാവൂർ പി.ഒ., എറണാകുളം.**
(ചെക്ക്/ഡി.ഡി. അയയ്ക്കുന്നവർ റ്റി.എസ്.ബാലൻ എന്ന പേരെഴുതി അയയ്ക്കുക. ഡിഫെൻഡർ എന്ന പേരിൽ അക്കൗണ്ടില്ല)

# സത്യം സത്യമായി

എല്ലാത്തിനും ഒരു കാലമുണ്ട് എന്ന് സഭാപ്രസംഗി പറയുന്നു. അങ്ങനെ നോക്കുമ്പോൾ ഇത് വ്യാജൻമാരുടെ കഷ്ടകാലമാണ്. ജാതിമത ഭേദമില്ലാതെ എല്ലാ വ്യാജൻമാരും കഷ്ടത്തിലായിരിക്കയാണ്. എല്ലാ മതത്തിലും വ്യാജൻമാരുണ്ടെന്ന വസ്തുതയും തെളിഞ്ഞിരിക്കുന്നു. ഈ കള്ളൻമാർ സമ്പാദിച്ചു കൂട്ടിയ പണത്തിന്റെ കണക്കു കേട്ടാൽ ഹൃദയസ്തംഭനമുണ്ടാകും.

കെ.പി.യോഹന്നാൻ, തങ്കു, സാം കുഴിക്കാല തുടങ്ങിയ പരമ വിശുദ്ധർ കാട്ടിക്കൂട്ടുന്ന കൊള്ളരുതായ്മകൾ മൂലം ഇപ്പോൾ പാവപ്പെട്ട ഉപദേശിമാർക്കുപോലും പുറത്തിറങ്ങാനാവാത്ത സ്ഥിതിയായിരിക്കുന്നു. ഈ ചങ്ങാതിമാർ കോടികളുടെ സമ്പാദ്യമുണ്ടാക്കിയെന്നതു നേര്. പക്ഷേ അതുമൂലം കഷ്ടത്തിലായത് ഇവർ മാത്രമല്ല, അഷ്ടിക്കു വകയില്ലാത്ത സാധാരണക്കാർ കൂടിയാണ്.

സന്തോഷ് മാധവനും അനുബന്ധ പ്രശ്നങ്ങളും ആറിത്തണുത്തപ്പോൾ മാദ്ധ്യമങ്ങൾക്ക് പുതിയൊരു വിഷയം കിട്ടിയിരിക്കുന്നു – മാക്ട പ്രശ്നം. ശേഷം ഭാഗങ്ങൾ സ്ക്രീനിൽ കാണുക എന്ന് പണ്ടൊക്കെ സിനിമ നോട്ടീസിൽ പറയുമായിരുന്നു. പക്ഷേ സ്ക്രീനിന്റെ പിന്നിൽ ഇങ്ങനെ പലതുമുണ്ടെന്ന് ഇപ്പോഴാണു മനസ്സിലായത്. ഈ വാദപ്രതിവാദങ്ങളൊക്കെ ഷൂട്ട് ചെയ്ത് സിനിമയാക്കിയാൽ ഹൗസ് ഫുള്ളായി ഒരു വർഷമെങ്കിലും ഓടും.

പാഠപുസ്തകത്തിൽ ഗാന്ധിജിയുടെ ചിത്രത്തിനു പകരം തവളയുടെ ചിത്രം. ഒരു രേഖാചിത്രത്തിന് ഉമ്മൻ ചാണ്ടിയുടെ മൂക്ക്. ഒരു കുരങ്ങന് സാക്ഷാൽ മുഖ്യമന്ത്രിയുടെ ഛായ. ഇടത്തും വലത്തും ഓരോ പൂച്ചകൾ. ഒരെണ്ണം കറുത്തത്, മറ്റൊന്നു വെളുത്തത്. പൂച്ച കറുത്തതായാലും വെളുത്തതായാലും എലിയെ പിടിച്ചാൽ മതിയെന്ന് മുഖ്യമന്ത്രി പണ്ടുതന്നെ പറഞ്ഞിട്ടുമുണ്ടല്ലോ. ഇനി ബാക്കിയുള്ളത് ഇതിന്റെയൊക്കെ പിന്നിലുള്ള എലിയെ പിടിക്കുന്ന പരിപാടി മാത്രമാണ്.

എന്തെങ്കിലുമൊരു കാരണം പറഞ്ഞ് ഒരു സമരം നടത്താൻ അവസരം പാർത്തിരുന്ന പ്രതിപക്ഷ വിദ്യാർത്ഥി സംഘടനകളുടെ തലയിൽ സാക്ഷാൽ തേങ്ങാ തന്നെ വീണിരിക്കുന്നു. ഇനി സർവ്വശക്തിയും സംഭരിച്ച് മോങ്ങാം, ഓഫീസുകൾ തല്ലിപ്പൊളിക്കാം, കുശാൽ.

സമരവീര്യമുള്ള ഒരു യൂത്തുകാരൻ സർക്കിൾ ഇൻസ്പെക്ടറുടെ തൊപ്പിയെടുത്ത് എറിഞ്ഞിരിക്കുന്നു. പുതിയൊരു സമരമുറയാണിത് എന്നതിനു സംശയമില്ല. പക്ഷേ അരസികൻമാരായ പോലീസുകാർക്ക് ഈ കലാപരിപാടി ഒട്ടും രസിച്ചില്ല. അവർ കണ്ണിൽ കണ്ടവരെയെല്ലാം തല്ലി. താഴെവീണവരെ നിലത്തിട്ടുതല്ലി. തൊപ്പിതെറിപ്പിച്ചവനെ പ്രത്യേകം തല്ലി. ഈ പരമ രസികൻ തല്ലിനെതിരെ മനുഷ്യാവകാശ കമ്മീഷന് പരാതി നൽകിയിട്ടുണ്ടത്രേ. പോലീസിന്റെ തൊപ്പിതെറിപ്പിക്കുന്നത് മനുഷ്യാവകാശത്തിന്റെ അവിഭാജ്യ ഘടകമാണെന്ന് വിധിയുണ്ടായേക്കാം.

അതിയാനും വന്ന് ഇടിയും കിട്ടിയിരുന്നെങ്കിൽ വല്ലയിടത്തും കിടന്ന് ഉറങ്ങാമായിരുന്നു എന്ന് ഒരു കള്ളുകുടിയന്റെ ഭാര്യ പറഞ്ഞതായി കേട്ടിട്ടുണ്ട്. പെട്രോളിയം ഉല്പന്നങ്ങളുടെ വില കൂട്ടാൻ പോകുന്നു എന്നു കേട്ടതോടെ മിനിമം ഒരു ഹർത്താൽ ഉറപ്പായിരുന്നു. വില കൂട്ടലും ഹർത്താലും കഴിഞ്ഞിരുന്നെങ്കിൽ മന:സമാധാനമായിട്ട് യാത്രകളും മറ്റും പ്ലാൻ ചെയ്യാമായിരുന്നു എന്ന് ജനം കരുതിയതിൽ തെറ്റു പറയാനാവില്ല. ഏതായാലും പ്രതീക്ഷിച്ചതുതന്നെ സംഭവിച്ചു. വില കൂട്ടി. ഹർത്താൽ പൂർവ്വാധികം ഭംഗിയായി നടക്കുകയും ചെയ്തു. പിറ്റേന്ന് ഒരു വഴിതടയൽകൂടി ഉണ്ടായി എന്നതുമാത്രമാണ് ഒരു പ്രത്യേകത. എന്നിട്ട് വില കുറഞ്ഞോ? ഇല്ല. എത്ര ഹർത്താൽ നടത്തിയാലും വില കുറയില്ലെന്ന് ഹർത്താൽ നടത്തിയവരുൾപ്പെടെ ഏവർക്കുമറിയാം. എങ്കിലും ഒരു ഹർത്താൽ പോലും നടത്തിയില്ലെങ്കിൽ പ്രതിപക്ഷമാണെന്നു പറയുന്നതിൽ എന്തർത്ഥം? ഏതാനും ദിവസങ്ങൾക്കകം എല്ലാവരും ഇതൊക്കെ മറക്കും. അടുത്ത വിലവർദ്ധന ഏറെ താമസിയാതെ വരും. അപ്പോഴുമുണ്ടാകും ഹർത്താൽ.

പെന്തക്കോസ്തിലെ കള്ളൻമാരുടെ രാവുകൾ ഇപ്പോൾ നിദ്രാവിഹീനങ്ങളാണ്. ദൈവത്തേയും മനുഷ്യനേയും ഒന്നുപോലെ കബളിപ്പിച്ച് സ്വരുക്കൂട്ടിയതൊക്കെ കൈവിട്ടുപോകുമോ എന്ന ഭയമാണ് ഏവർക്കും. ആ സാദ്ധ്യത തള്ളിക്കളയാനുമാവില്ല എന്നതാണ് സ്ഥിതി. സർവ്വശക്തനായ കെ.പിയും അത്ഭുത വീരനായ തങ്കുവും നക്ഷത്രമെണ്ണുന്നു. 'അർത്ഥാപത്തിയതോ പിന്നെച്ചൊല്ലാനില്ലെന്ന യുക്തിയാം' എന്നു പറഞ്ഞതുപോലെ പച്ചമരത്തിന്റെ കാര്യം ഇങ്ങനെയാണെങ്കിൽ ഉണക്കമരത്തിന്റെ ഗതിയെന്താണ്? കൂനിൻമേൽ കുരുവെന്നപോലെ, ട്രസ്റ്റ്ആക്ടും സൊസൈറ്റി നിയമവും ഭേദഗതി ചെയ്യാനും ഇടയുണ്ട്. ഇക്കണക്കിനു പോയാൾ മന:സമാധാനമായിട്ട് മോഷ്ടിക്കുന്നതെങ്ങനെ?

## ഈ വചനം വിശ്വാസയോഗ്യമാകുന്നു.......

അന്ന് ആരാനും നിങ്ങളോട്: ഇതാ, ക്രിസ്തു ഇവിടെ , അല്ല അവിടെ എന്നു പറഞ്ഞാൽ വിശ്വസിക്കരുത്. കള്ളക്രിസ്തുക്കളും കള്ള പ്രവാചകൻമാരും എഴുന്നേറ്റു കഴിയുമെങ്കിൽ വൃതൻമാരെയും തെറ്റിക്കുവാനായി വലിയ അടയാളങ്ങളും അത്ഭുതങ്ങളും കാണിക്കും; ഓർത്തുകൊള്ളുവിൻ; ഞാൻ മുമ്പുകൂട്ടി നിങ്ങളോടു പറഞ്ഞിരിക്കുന്നു. ആകയാൽ നിങ്ങളോട്: അതാ, അവൻ മരുഭൂമിയിൽ എന്നു പറഞ്ഞാൽ പുറപ്പെടരുത്; ഇതാ, അറകളിൽ എന്നു പറഞ്ഞാൽ വിശ്വസിക്കരുത്. (മത്തായി 24: 23-26)

## ട്രസ്റ്റുകളും സൊസൈറ്റികളും ഉണ്ടാക്കുന്നതെങ്ങനെ?

തികച്ചും നിയമാനുസൃതമായി ചാരിറ്റബിൾ സൊസൈറ്റികളോ ട്രസ്റ്റുകളോ ഉണ്ടാക്കാനും നടത്താനും നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ? എങ്കിൽ ഡിഫെൻഡർ നിങ്ങളെ സഹായിക്കാം:
ചാരിറ്റബിൾ ട്രസ്റ്റുകൾ, സൊസൈറ്റികൾ തുടങ്ങിയവ ഉണ്ടാക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുന്നു.
ട്രസ്റ്റ് ഡീഡ്/സൊസൈറ്റിയുടെ ബൈലോ ഉണ്ടാക്കി കൊടുക്കുന്നു.
ആദായനികുതി ഇളവുകളും മറ്റും ലഭിക്കാൻ ആവശ്യമായ വിവരങ്ങൾ നൽകുന്നു.
കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:
**റ്റി.എസ്.ബാലൻ, ആനന്ദ് ഭവൻ**
**കെ.എസ്.ആർ.റ്റി.സിക്ക് സമീപം,**
**പെരുമ്പാവൂർ പി.ഒ., എറണാകുളം. പിൻ.** 683542
ഫോൺ: **0484-3232356. Mob: 9447414608**

# പെരുമ്പെട്ടിയിൽ വീണ്ടും ടി.എസ്.ഏബ്രഹാം തോറ്റു

പെരുമ്പെട്ടിയിൽ റ്റി.എസ്.ഏബ്രഹാം വീണ്ടും തോറ്റു. പെരുമ്പെട്ടിയിൽ റ്റി.എസ്.ഏബ്രഹാമിന് തോൽവിയുടെ പരമ്പരയാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഐ.പി.സി പെരുമ്പെട്ടി സഭയ്ക്കു സമാന്തരമായി മറ്റൊരു സഭ ഉണ്ടാക്കാനുള്ള ശ്രമമാണ് ഇത്തവണ പാളിയത്. നിലവിലുള്ള ഐ.പി.സി സഭയുടെ രണ്ടു കിലോമീറ്റർ ചുറ്റളവിൽ ഐ.പി.സിയുടെ പുതിയ സഭകൾ തുടങ്ങുന്നത് തടഞ്ഞുകൊണ്ട് തിരുവല്ല മുൻസിഫ് കോടതി ഉത്തരവിട്ടിരിക്കയാണ്.

ഐ.പി.സി പെരുമ്പെട്ടി സഭയിലെ അംഗമായ ഒരാളെ ചാക്കിട്ടു പിടിച്ചാണ് ടി.എസ്.ഏബ്രഹാം കള്ളക്കളി നടത്തിയത്. ഈ വിശ്വാസിയുടെ സ്ഥലത്ത് ഒരു കെട്ടിടം പണിയുക. പിന്നീട് ഈ കെട്ടിടത്തിൽ ഐ.പി.സിയുടെ സഭ ആരംഭിക്കുക. ഈ സഭയാണ് യഥാർത്ഥ ഐ.പി.സി എന്ന് പ്രഖ്യാപിക്കുക. ഇതായിരുന്നു വിദ്യ. ഏബ്രഹാം ഷാജിയേയും ഒപ്പമുള്ള വിശ്വാസികളേയും തോല്പിക്കാൻ ഇതല്ലാതെ മറ്റൊരു പോംവഴിയും ടി.എസ്. കണ്ടില്ല.

സെന്റർ പാസ്റ്ററായ കെ.കെ.ചെറിയാൻ പ്രാർത്ഥിച്ച് സഭാഹാളിന്റെ പണി അതീവ രഹസ്യമായി ആരംഭിച്ചു. പക്ഷേ ഇവർ നിനച്ചിരിക്കാത്ത ഒരു പ്രശ്നമുണ്ടായി. ഈ കള്ളക്കളി ഡിഫെൻഡറിൽ വാർത്തയായി. ആരാന്റെ പറമ്പിൽ ഐ.പി.സിയുടെ സഭാഹാൾ പണിയുന്ന വിവരം അങ്ങനെ അങ്ങാടിപ്പാട്ടായി. ഏതാനും ആഴ്ചകൾ പണി മുടങ്ങി.

പ്രശ്നം ആറിത്തണുത്തു എന്നു തോന്നിയപ്പോൾ ഹാളിന്റെ പണി വീണ്ടും തുടങ്ങി. ഇതിനെതിരെ പെരുമ്പെട്ടി സഭയുടെ ശുശ്രൂഷകനായ ഏബ്രഹാം ഷാജി തിരുവല്ല മുൻസിഫ് കോടതിയിൽ കേസ്സ് ഫയൽ ചെയ്തു. നിലവിലുള്ള സഭയുടെ രണ്ടു കിലോമീറ്റർ ചുറ്റളവിൽ പുതിയ ഐ.പി.സി സഭകൾ ഉണ്ടാകാൻ പാടില്ല എന്ന് ഐ.പി.സിയുടെ ബൈലോയിലുണ്ട്. ഇതു ചൂണ്ടിക്കാട്ടിയാണ് ഏബ്രഹാം ഷാജി കേസ്സ് കൊടുത്തത്. കേസ്സ് ഫയലിൽ സ്വീകരിച്ച കോടതി സ്റ്റേ അനുവദിക്കയായിരുന്നു. പെരുമ്പെട്ടി ഐ.പി.സി സഭയുടെ രണ്ടുകിലോമീറ്റർ ചുറ്റളവിൽ ഐ.പി.സിയുടെ പുതിയ ആരാധന നടത്തുന്നതിനും സഭാഹാൾ പണിയുന്നതിനും മറ്റുമാണ് നിരോധനം.

പെരുമ്പെട്ടി സഭാശുശ്രൂഷകനായ ഏബ്രഹാം ഷാജിയെ വിശേഷിച്ചു കാരണമൊന്നും കൂടാതെ ടി.എസ്.ഏബ്രഹാം പുറത്താക്കിയതോടെയാണ് പ്രശ്നം ആരംഭിച്ചത്. ഈ പുറത്താക്കൽ കോടതി സ്റ്റേ ചെയ്തു. ടി.എസ്.ഏബ്രഹാമിന്റെ വാക്കുകേട്ട് ഏബ്രഹാം ഷാജിക്കെതിരെ പട പൊരുതിയവർ അതോടെ വഴിയാധാരമായി. ഇപ്പോഴുണ്ടായിരിക്കുന്ന നിരോധന ഉത്തരവു നിമിത്തം ഇവർക്ക് പെരുമ്പെട്ടി സഭാഹാളിന്റെ രണ്ടു കിലോമീറ്റർ ചുറ്റളവിൽ ഐ.പി.സിയുടെ ആരാധന നടത്താനും പറ്റാതായി. ചുരുക്കത്തിൽ ടി.എസ്.ഏബ്രഹാമിനെ നമ്പിയവർ വഴിയാധാരമായി.

# കുഴിക്കാലയുടെ തട്ടിപ്പുകഥകൾ ഡിഫെൻഡർ പണ്ടേപറഞ്ഞത്

സാം കുഴിക്കാല കള്ളനാണെന്ന് ഡിഫെൻഡർ പലവട്ടം പറഞ്ഞിട്ടും ബോദ്ധ്യം വരാത്തവർക്ക് ഇപ്പോഴെങ്കിലും സത്യം മനസ്സിലായിരിക്കുമെന്ന് കരുതട്ടെ. മുൻമന്ത്രി സുധാകരനോടൊപ്പം കുഴിക്കാല ഇരിക്കുന്ന ചിത്രവും ഡിഫെൻഡറിൽ പ്രസിദ്ധീകരിച്ചിരുന്നു. അതേ ചിത്രമാണ് മൂന്നുമാസം കഴിഞ്ഞ് കൈരളിയിൽ സംപ്രേക്ഷണം ചെയ്തത്. ഇപ്പോൾ അത് കേരളശബ്ദത്തിലും വന്നിരിക്കുന്നു. ഡിഫെൻഡർ സത്യം പറയുമ്പോൾ അതു വിശ്വസിക്കാൻ പെന്തക്കോസ്തുകാർക്കു മനസ്സില്ല. അറിയാത്ത കുഞ്ഞ് ചൊറിയുമ്പോൾ അറിയും.



# മകനെ പാസ്റ്റർ തട്ടിയെടുത്തെന്നു പിതാവിന്റെ പരാതി

ഏക മകനെ പാസ്റ്റർ തട്ടിയെടുത്തതായി പിതാവിന്റെ പരാതി. തൃശൂർ ജില്ലയിൽ മാടായിക്കോണം വില്ലേജിൽ താമസിക്കുന്ന അമ്പാടൻ കൊച്ചുവറീത് മകൻ ആന്റണിയാണ് പരാതിക്കാരൻ. തൃശൂർ ജില്ലാ പോലീസ് സൂപ്രണ്ടിനാണ് ആന്റണി പരാതി നൽകിയിരിക്കുന്നത്. രണ്ടു കാലിനും സ്വാധീനമില്ലാത്ത പ്രിസ്റ്റിൻ എന്ന മകനെ തിരൂർ മുളങ്കുന്നത്ത്കാവിൽ ഉള്ള അബ്രഹാം മാത്യു എന്ന പാസ്റ്റർ തട്ടിയെടുത്തു എന്നാണ് പരാതി.

ഒരു ഇലക്ട്രോണിക് സർവ്വീസ് സെന്റർ നടത്തി ഉപജീവനം കഴിച്ചിരുന്ന തന്റെ മകൻ ഏബ്രഹാം മാത്യുവിനോടൊപ്പം പ്രാർത്ഥനയ്ക്കു പോകുക പതിവായിരുന്നു എന്ന് ആന്റണി പറയുന്നു. അതിൽ ആന്റണിക്ക് എതിർപ്പുമില്ലായിരുന്നു. പക്ഷേ ഏബ്രഹാം മാത്യുവിന്റെ നടപടികൾ ശരിയല്ലെന്നു ബോദ്ധ്യമായപ്പോൾ മകനെ വിലക്കാൻ ആന്റണി ശ്രമിച്ചു. അതോടെ പ്രശ്നമായി. ഏബ്രഹാം മാത്യു പ്രിസ്റ്റിനെ വീട്ടിലേക്ക് വിടാതായി. ഇപ്പോൾ പ്രിസ്റ്റിൻ എവിടെയാണെന്നുപോലും നിശ്ചയമില്ല. മാത്രമല്ല, പ്രിസ്റ്റിന്റെ വസ്തുവകകളെല്ലാം വില്പിക്കാനും ആ പണം സംഭാവനയായി വാങ്ങാനും ഏബ്രഹാം മാത്യു പദ്ധതിയിടുകയാണ്. ഈ കള്ളപാസ്റ്റർ പലരേയും ഈ വിധത്തിൽ കബളിപ്പിച്ച് പണം തട്ടിയിട്ടുണ്ടത്രേ.

പരാതിക്കാരനിൽ നിന്നു വിശദ വിവരങ്ങൾ ചോദിച്ചറിഞ്ഞ ശേഷം എസ്.പി ഈ പരാതി കൂടുതൽ അന്വേഷണത്തിനായി റഫർ ചെയ്തിരിക്കയാണ്. ആത്മീയ വ്യാജൻമാർക്കെതിരെ സർക്കാർ നടപടിയെടുത്തുവരുന്ന ഈ സമയത്ത് ആന്റണിയുടെ പരാതി പോലീസ് ഗൗരവത്തിൽ എടുക്കുമെന്നു തീർച്ച.

# ഗായകൻ ഐ.പി.സിയെ നാറ്റിച്ചു

അസ്ഥാനഗായകൻ ഐ.പി.സിയെ ശരിക്കും നാറ്റിച്ചു. സാം കുഴിക്കാലയേക്കുറിച്ച് വാർത്ത സംപ്രേക്ഷണം ചെയ്ത ചാനലുകളെല്ലാം ഈ ചങ്ങാതി ഐ.പി.സിയുടെ ജനറൽ കൺവെൻഷനു പാട്ടുപാടുന്ന രംഗവും സംപ്രേക്ഷണം ചെയ്തിരുന്നു. ഐ.പിസിയുടെ 84-ാം ജനറൽ കൺവെൻഷൻ എന്ന് എഴുതിയ ബാനർ ഏവരും കണ്ടു. ചില ഐ.പി.സി നേതാക്കൻമാർക്ക് ഇതും ഒരു തണലായിരിക്കുമെന്നതിന് സംശയമില്ല. പക്ഷേ സാധാരണക്കാരായ ഐ.പി.സി അംഗങ്ങൾക്ക് ഇതു തികച്ചും അപമാനകരമായിപ്പോയി എന്നു തീർച്ച.

സാം കുഴിക്കാല കള്ളനാണെന്ന് കാര്യകാരണ സഹിതം ഡിഫെൻഡർ പലവട്ടം എഴുതിയിരുന്നു. അത് ഗൗരവത്തിൽ എടുത്തിരുന്നെങ്കിൽ ഈ അപമാനം ഒഴിവാക്കാമായിരുന്നു. പക്ഷേ ഡിഫെൻഡർ പറയുന്നതെല്ലാം കളവാണെന്നു പറഞ്ഞു നടക്കുന്ന പെന്തക്കോസ്ത് നേതാക്കൻമാർക്ക് വസ്തുതകൾ ഗ്രഹിക്കാൻ കഴിഞ്ഞില്ല. അങ്ങനെ സകല ഐ.പി.സിക്കാരും നാണംകെട്ടു.

# ബഥേൽ പി. ജേക്കബ് സാമ്പത്തിക തിരിമറി നടത്തി



ബഥേൽ പി. ജേക്കബ് എന്ന വ്യാജ പാസ്റ്റർ തികഞ്ഞ വ്യഭിചാരിയാണെന്ന വസ്തുത കഴിഞ്ഞ പല ലക്കങ്ങളിലായി ഡിഫെൻഡർ വിശദീകരിച്ചിരുന്നല്ലോ. ഈ ലക്കത്തിൽ ഇയാളുടെ സാമ്പത്തിക അഴിമതികളേക്കുറിച്ച് പറയാം.

ബഥേലിന് ഇന്ത്യയിൽ രണ്ടുതരം ബാങ്ക് അക്കൗണ്ടുകളുണ്ട്. വിദേശ ഇന്ത്യാക്കാരൻ എന്ന നിലയ്ക്കുള്ള എൻ.ആർ.ഇ അക്കൗണ്ടാണ് അതിലൊന്ന്. ഈ ഇനത്തിലുള്ള പല അക്കൗണ്ടുകൾ ബഥേലിനുണ്ട്. ജഗദൽപ്പൂർ, ചെങ്ങന്നൂർ, ഗുജറാത്തിലെ സൂറത്ത് തുടങ്ങിയ സ്ഥലങ്ങളിലുള്ള അക്കൗണ്ടുകൾ ഇവയിൽ ചിലതുമാത്രം. ഇവ കൂടാതെ മാറാനാഥാ ഫുൾഗോസ്പൽ കമ്മ്യൂണിറ്റി എന്ന സ്വന്തം സംഘടനയുടെ പേരിൽ എഫ്.സി.ആർ.എ നിയമപ്രകാരമുള്ള അക്കൗണ്ടുകളുമുണ്ട്. ഈ അക്കൗണ്ടുകൾ ഉപയോഗിച്ചാണ് ബഥേൽ സാമ്പത്തിക വെട്ടിപ്പുകൾ നടത്തുന്നത്.

വലിയ ഭക്തനായി അഭിനയിച്ചു നടക്കുന്ന ബഥേലിനെ മിക്കവരും വിശ്വസിച്ചുപോകും. ജീവിക്കുന്ന പുണ്യാളനാണ് ബഥേൽ എന്നത്രേ മിക്കവരുടേയും ധാരണ. അതുകൊണ്ട് ബഥേലിന് പണം വാരിക്കോരി നൽകാൻ മിക്കവരും തയ്യാറാകും. തങ്ങൾ കൊടുക്കുന്ന പണം ദൈവവേലയ്ക്കുവേണ്ടി ചെലവാക്കും എന്നാണ് എല്ലാവരും കരുതുന്നത്.

ഇങ്ങനെ ലഭിക്കുന്ന പണത്തെ നമുക്ക് രണ്ടായി തിരിക്കാം. രൊക്കം പണമായി ലഭിക്കുന്നവയും ബഥേലിന്റെ പേരിൽ ചെക്കായി ലഭിക്കുന്നവയുമാണ് അവയിൽ ഒരു ഇനം. ഈ പണത്തിന് കൃത്യമായ കണക്കില്ല. ക്യാഷായി ലഭിക്കുന്ന പണം ബഥേൽ ഇഷ്ടംപോലെ വിനിയോഗിക്കും. ചെക്ക് സ്വന്തം അക്കൗണ്ടിലൂടെ മാറിയെടുക്കും. അങ്ങനെ അതും സ്വന്തം എൻ.ആർ.ഈ അക്കൗണ്ടിലാക്കും.

സംഘടനയുടെ പേരിൽ കിട്ടുന്ന ചെക്കുകളാണ് രണ്ടാമത്തെ ഇനം. ഇത് എഫ്.സി.ആർ.എ അക്കൗണ്ടിലൂടെ മാത്രമേ മാറാൻ പറ്റൂ. പക്ഷേ ഇങ്ങനെ ലഭിക്കുന്ന പണത്തിലും നല്ലൊരു പങ്ക് കള്ളക്കണക്കിലൂടെ തട്ടിയെടുക്കാൻ കഴിയും. കള്ള വൗച്ചറും മറ്റു രേഖകളും ഉണ്ടാക്കി കണക്കു ശരിയാക്കാൻ ബുദ്ധിമുട്ടില്ല.

ഈ രണ്ടു മാർഗ്ഗങ്ങളിലൂടെയും കൈക്കലാക്കുന്ന പണം ഉപയോഗിച്ച് ബഥേൽ കുത്തഴിഞ്ഞ ജീവിതമാണ് നയിക്കുന്നത്. വരുമാനത്തിൽ നല്ലൊരുപങ്ക് വേശ്യമാർക്കു കൊടുക്കുന്നു. പാസ്റ്റർമാരുടെ ഭാര്യമാരെ പാട്ടിലാക്കാനും പണം മുടക്കും. മിച്ചമുള്ള പണം ഉപയോഗിച്ച് ഇയാൾ ഇന്ത്യയുടെ വിവിധ സ്ഥലങ്ങളിൽ സ്ഥലങ്ങളും കെട്ടിടങ്ങളും ഉണ്ടാക്കിയിട്ടുണ്ട്. ഉദാഹരണമായി ജഗദൽപ്പൂരിൽ ബഥേൽ സ്വന്തം പേരിൽ ആറരയേക്കർ സ്ഥലം വാങ്ങിയിട്ടുണ്ട്. 13,500 സ്ക്വ. ഫീറ്റ് വലിപ്പമുള്ള ഒരു കൊട്ടാരവും ബഥേൽ പണിതുകൊണ്ടിരിക്കുന്നു. കൂടാതെ, സിറ്റിയിൽ രണ്ടു ബംഗ്ലാവുകളുണ്ട്. ബഥേലിന്റെ ഒരു വെപ്പാട്ടിയാണ് ഇവിടെ താമസം. കേരളത്തിലും ഗുജറാത്തിലും ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലും ഇയാൾക്ക് വസ്തുവകകളുണ്ട്. വിശദ വിവരങ്ങൾ സ്ഥലപരിമിതിമൂലം അടുത്ത ലക്കത്തിലേക്ക് മാറ്റിവയ്ക്കുന്നു.



# ഇതു ദൈവീകന്യായവിധിതന്നെ

പെന്തക്കോസ്തുകാരെ സർക്കാരും സുവിശേഷവിരോധികളും ചേർന്ന് പീഡിപ്പിക്കുന്നു എന്ന ആരോപണം ചില തല്പരകക്ഷികൾ ഉന്നയിക്കുന്നുണ്ടെങ്കിലും ഇത് ദൈവീക ഇടപെടലാണ് എന്ന് സുബോധമുള്ളവർക്കെല്ലാം മനസ്സിലാക്കാവുന്നതേയുള്ളൂ. ചോദിക്കാനും പറയാനും ആളില്ലാത്ത സ്ഥിതിയായിരുന്നു നാളിതുവരെ നിലനിന്നിരുന്നത്. പക്ഷേ ആ സ്ഥിതിക്ക് മാറ്റം വന്നിരിക്കുന്നു. മതത്തിന്റെ മറവിൽ എന്തു തോന്ന്യാസവും നടത്താമെന്ന ധാരണ തിരുത്തേണ്ടതായി വന്നിരിക്കുന്നു.

പെന്തക്കോസ്തിലെ തിൻമകൾക്കെതിരെ ഡിഫെൻഡർ പ്രതികരിക്കാൻ തുടങ്ങിയിട്ട് പത്തു വർഷത്തിലധികമായി. പക്ഷേ തെറ്റു തിരുത്താൻ മിക്കവരും തയ്യാറായില്ല. ഡിഫെൻഡർ എന്തോ കൊടിയ പാപം ചെയ്യുന്നു എന്ന നിലപാടാണ് ഏവർക്കുമുള്ളത്. പക്ഷേ ഇതു പ്രവാചകശബ്ദമാണെന്നു തിരിച്ചറിയാൻ അവർക്കു കഴിയാതെപോയി.

ദൈവം എല്ലാക്കാലത്തും തന്റെ പ്രവാചകൻമാരിലൂടെ സംസാരിച്ചിരുന്നു. എന്നാൽ ദൈവശബ്ദത്തിനു ചെവി ചായ്ക്കാൻ ദൈവജനത്തിനു മനസ്സില്ലാതെപോയി. അതുകൊണ്ട് ദൈവജനത്തിനു ന്യായവിധിയുണ്ടായി. ഇനിയും അതുതന്നെ സംഭവിക്കുന്നു.

പെന്തക്കോസ്തിൽ പത്രങ്ങൾക്കു പഞ്ഞമില്ല. പക്ഷേ മുഖപക്ഷമില്ലാതെ സത്യം വിളിച്ചു പറയാനും ദൈവജനത്തിന് ദിശാബോധം കൊടുക്കാനും എത്ര പത്രങ്ങൾ ശ്രമിക്കുന്നുണ്ട്? പെന്തക്കോസ്തിൽ പ്രസംഗകർക്കും പഞ്ഞമില്ല. ഇതാ വരുന്നു അനുഗ്രഹം എന്നു പറഞ്ഞ് ജനവഞ്ചന നടത്താൻ ഇവർ മത്സരിക്കയാണ്. പക്ഷേ ഡിഫെൻഡർ അതല്ല ചെയ്യുന്നത്. മുഖപക്ഷമില്ലാതെ സത്യം വിളിച്ചുപറയുന്നു. തിൻമകൾക്കെതിരെ പോരാടുന്നു.

സാം കുഴിക്കാല തട്ടിപ്പുകാരനാണെന്ന് ഡിഫെൻഡർ പലവട്ടം എഴുതി. പക്ഷേ കഴിഞ്ഞ കുമ്പനാട് കൺവെൻഷനു ഈ കള്ളനെ സ്റ്റേജിൽ കയറ്റി. അതുകൊണ്ട് ഐ.പി.സിയുടെ ജനറൽ കൺവെൻഷനിൽ കുഴിക്കാല പാടുന്ന രംഗം സഹിതമാണ് ചാനലുകൾ വാർത്ത കൊടുത്തത്. ഇത് ദൈവീക ന്യായവിധിയല്ലേ?

തങ്കുവിന്റെ തട്ടിപ്പുകൾക്കെതിരെ ഡിഫെൻഡർ നിരന്തരം എഴുതിയിട്ടും പെന്തക്കോസ്തുകാർക്കു ബോധമുണ്ടായില്ല. പക്ഷേ ഇപ്പോൾ ഈ പ്രശ്നം ഡിഫെൻഡറിന്റെ പിടിയിൽ നിൽക്കാത്ത സ്ഥിതിയിലായി. കെ.പി. യോഹന്നാന്റെ പ്രശ്നവും ഇങ്ങനെതന്നെ. ജി.എഫ്.എയിൽ നടക്കുന്ന അഴിമതികളേക്കുറിച്ച് ഡിഫെൻഡർ പലവട്ടം എഴുതിയെങ്കിലും കെ.പി.യോഹന്നാന് അതൊന്നും ശ്രദ്ധിക്കാൻ നേരമുണ്ടായില്ല. എല്ലാ നിയമങ്ങൾക്കും അതീതനാണു താൻ എന്ന ചിന്തയിലായിരുന്നു കെ.പി.

സാമച്ചൻ കള്ളനാണെന്നു ഡിഫെൻഡർ പറഞ്ഞപ്പോൾ വളരെ കുറച്ച് ആളുകൾ മാത്രമേ വിശ്വസിച്ചുള്ളൂ. പക്ഷേ സാമച്ചന്റെ പ്രശ്നവും ഇപ്പോൾ നാട്ടുകാരുടെ കൈയ്യിലായിരിക്കയാണ്.

ഇവിടംകൊണ്ട് പ്രശ്നങ്ങൾ തീരുമെന്ന് കരുതരുത്. പരാതി ലഭിച്ചാൽ ഏതു ജീവകാരുണ്യ സംഘടനയേക്കുറിച്ചും അന്വേഷണം നടത്തുമെന്ന് ആഭ്യന്തരമന്ത്രി വ്യക്തമാക്കിയിട്ടുണ്ട്. പെന്തക്കോസ്തിലെ കള്ളൻമാർക്കെതിരെ മറ്റാരും പരാതി കൊടുത്തില്ലെങ്കിലും ഡിഫെൻഡർ പരാതി കൊടുക്കും. ദൈവദാസൻമാരുടെ വേഷത്തിൽ നടക്കുന്ന കള്ളൻമാരുടെ തനിനിറം പുറത്തുവരട്ടെ.

പെന്തക്കോസ്തിലെ പ്രമുഖ കള്ളൻമാരായ ടി.എസ്.ഏബ്രഹാം, വൽസൻ ഏബ്രഹാം എന്നിവരുടെ ചെയ്തികൾ അന്വേഷണവിധേയമാകണം. ഐ.പി.സിയുടെ നേതാക്കൻമാർ എന്ന ലേബൽ ഉപയോഗിച്ച് 200 കോടിയോളം രൂപയാണ് ഇവർ തങ്ങളുടെ സ്വകാര്യ സംഘടനയുടെ സ്വത്താക്കിയത്. ഈ വസ്തുവകകൾ സർക്കാർ കണ്ടുകെട്ടണം.

കെ.സി.ജോണിന്റെ തട്ടിപ്പും പുറത്തുവരണം. രണ്ടു കമ്പനികളുണ്ടാക്കി ജനവഞ്ചന നടത്തുന്ന ഇയാളുടെ തട്ടിപ്പു പുറത്തുവരണം. ഐ.പി.സിയുടെ പ്രസിഡന്റെന്ന പദവിയിലിരുന്ന് ഇയാൾ സ്വന്തം കീശ വീർപ്പിക്കയാണ്. ഇത് അനുവദിച്ചുകൂടാ.

കെ.എ.ഏബ്രാമെന്ന രാജ്യദ്രോഹിയുടെ പണമിടപാടുകളും അന്വേഷണവിധേയമാകണം. ഗോസ്പൽ ടീമിന്റെ മറവിൽ ഇയാൾ എത്രലക്ഷം രൂപ ഉണ്ടാക്കിയെന്ന് സർക്കാർ കണ്ടെത്തട്ടെ. ''അയ്യോ, ഞങ്ങളെ പീഡിപ്പിക്കുന്നേ'' എന്ന് ഇയാൾ മുറവിളി കൂട്ടുന്നതിന്റെ കാരണമെന്തെന്ന് അറിയണമല്ലോ. കള്ളപ്രവചനം നടത്തി സാമച്ചൻ സമ്പാദിച്ചുകൂട്ടിയത് എത്രയെന്നും അന്വേഷണമുണ്ടാകണം.

എ.ജിയിലെ ടി.ജെ.ശാമുവൽ, ചുമ്മാഡോ ബാബു ജോർജ് തുടങ്ങിയവരുടെ സ്വത്തുവിവരം അന്വേഷിക്കണം. അതുപോലെ രാജു പൂവക്കാലയേക്കുറിച്ചും അന്വേഷിക്കണം. ഇയാളുടെ സഭാമന്ദിരം ഐ.പി.സിയുടെ വകയാണോ എന്നതും അറിയണം.

ശാരോൻ നേതാക്കൻമാരായ ടി.ജി.കോശി, ടി.പി.ഏബ്രഹാം, സി.വി.ജോൺ തുടങ്ങിയവർ ഒന്നാംതരം കള്ളൻമാരാണ്. ഇവരുടെ വസ്തുവകകളേക്കുറിച്ച് വിശദമായ അന്വേഷണം വേണം. സ്വദേശത്തുനിന്നും വിദേശത്തുനിന്നും ഇവർ സമ്പാദിച്ച കോടികളുടെ കണക്ക് സർക്കാർ കണ്ടെത്തണം. ക്രിസ്ത്യൻ എയ്ഡ് എന്ന സംഘടനയിൽ നിന്നു ലഭിച്ച പണം കൊണ്ട് ശാരോൻ കോമ്പൗണ്ടിലെ സ്വകാര്യഭൂമിയിൽ ബഹുനിലമന്ദിരമുണ്ടാക്കിയതും അന്വേഷിക്കണം.സുരേഷ് ബാബു, ബിജി അഞ്ചൽ, നോബിൾ പി. തോമസ്, ടിനു, എം.എ.വർഗീസ് തുടങ്ങിയ കള്ളൻമാരുടെ ചെയ്തികളും സർക്കാർ അന്വേഷിക്കണം. എല്ലാ കള്ളൻമാരേയും പിടികൂടണം. ഇവരേക്കുറിച്ചെല്ലാം ഡിഫെൻഡർ സർക്കാരിന് വിവരം കൊടുത്തിട്ടുണ്ട്.

മുന്തിരിത്തോട്ടം നട്ടതും നനച്ചതും വേലികെട്ടി സൂക്ഷിച്ചതും ദൈവംതന്നെ. പക്ഷേ കായ്ച്ചത് കാട്ടുമുന്തിരിയാണ്. അതുകൊണ്ട് ദൈവംതന്നെ വേലിപൊളിച്ചു. കാട്ടുപന്നികൾ കയറി മേയത്തക്കവിധം ഈ മുന്തിരിത്തോട്ടത്തെ ആക്കിയതും ദൈവമാണ്.

# ഡിഫെൻഡർ മറുപടി പറയുന്നു

? തങ്കുവിനേപ്പോലുള്ളവരും സുവിശേഷമല്ലേ പ്രസംഗിക്കുന്നത്. ഇവരുടെ പ്രസംഗം കേട്ട് നിരവധിയാളുകൾ രക്ഷിക്കപ്പെടുന്നു. രോഗശാന്തി എന്നത് ബൈബിളിലെ ഉപദേശമല്ലേ? ദൈവത്തെ സേവിക്കുന്നവരെ ദൈവം അനുഗ്രഹിക്കയില്ലേ? എന്തിനാണ് ഇത്തരക്കാരെ ദുരുപദേശക്കാരായി കണക്കാക്കുന്നത്?

■ തങ്കുവിനേപ്പോലുള്ളവർ പ്രസംഗിക്കുന്നത് സത്യസുവിശേഷമല്ല വ്യാജസുവിശേഷമാണ്. ഇവർ പ്രസംഗിക്കുന്ന യേശു മറ്റൊരു യേശുവാണ്. അതാണ് പ്രശ്നം. പക്ഷേ വ്യാജസുവിശേഷം, മറ്റൊരു യേശു എന്നൊക്കെ പറഞ്ഞാൽ മിക്കവർക്കും അംഗീകരിക്കാനാവില്ല. എന്നാൽ ബൈബിൾ പറയുന്നതു കേൾക്കൂ: ''ഒരുത്തൻ വന്നു ഞങ്ങൾ പ്രസംഗിക്കാത്ത മറ്റൊരു യേശുവിനെ പ്രസംഗിക്കുകയോ, നിങ്ങൾക്കു ലഭിക്കാത്ത വേറൊരു ആത്മാവെങ്കിലും നിങ്ങൾ കൈക്കൊള്ളാത്ത വേറൊരു സുവിശേഷമെങ്കിലും ലഭിക്കുകയോ ചെയ്യുമ്പോൾ നിങ്ങൾ പൊറുക്കുന്നത് ആശ്ചര്യം.''

ഒന്നാം നൂറ്റാണ്ടിലെ സഭയിലും മറ്റൊരു സുവിശേഷമുണ്ടായിരുന്നു. വേറെ യേശുവിനെ പ്രസംഗിക്കുന്നവരും ഉണ്ടായിരുന്നു. അതിനെതിരെ ശബ്ദമുയർത്താൻ ആളുണ്ടായതുമില്ല. ഇന്നും അതുതന്നെ സ്ഥിതി. തങ്കുവിന്റെ ഉപദേശം വചനവിരുദ്ധമാണെന്നും തങ്കു തട്ടിപ്പുകാരനാണെന്നും ഡിഫെൻഡർ എഴുതാൻ തുടങ്ങിയിട്ട് കാലം കുറെ ആയി. ഇങ്ങനെയൊക്കെ എഴുതിയതിന് ഡിഫെൻഡറിനെതിരെ ചന്ദ്രഹാസമിളക്കാനും ഒട്ടേറപ്പേരുണ്ടായി. പക്ഷേ ഈ വ്യാജസുവിശേഷത്തെ വിവേചിച്ചറിയാനോ ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്ന പിശാചിനെ കാണാനോ മിക്കവർക്കും കഴിഞ്ഞില്ല.

എന്താണ് തങ്കുവിന്റെ സുവിശേഷത്തിനുള്ള കുഴപ്പം? ഉത്തരം ലളിതം: കർത്താവായ യേശുക്രിസ്തുവും ശിഷ്യൻമാരും പ്രസംഗിച്ച സുവിശേഷമല്ല അത് എന്നതുതന്നെ പ്രശ്നം. ഉണ്ണാനും ഉടുക്കാനും ഉണ്ടെങ്കിൽ മതിയെന്നു വയ്ക്കാൻ കർത്താവു പറഞ്ഞു. പക്ഷേ തങ്കുവിന്റെ സുവിശേഷം ആത്യാഗ്രഹത്തിന്റെ സുവിശേഷമാണ്. മോഹിക്കരുത് എന്നു ദൈവവചനം പറയുമ്പോൾ എല്ലാവിധ സമൃദ്ധിയും മോഹിക്കണം എന്നാണ് തങ്കു പറയുന്നത്.

യേശുവിന്റെ രാജ്യം ഐഹികമല്ലെന്ന് യേശുതന്നെ വ്യക്തമാക്കി. പക്ഷേ ഇഹലോകസുഖങ്ങളേക്കുറിച്ചാണ് തങ്കുവും കൂട്ടരും പറയുന്നത്. യേശുക്രിസ്തുവും ശിഷ്യൻമാരും രോഗികളെ സൗഖ്യമാക്കിയിട്ടുണ്ടെങ്കിലും അവരേക്കൊണ്ടു സാക്ഷ്യം പറയിച്ച് മഹത്വം എടുത്തില്ല. പക്ഷേ അതല്ല തങ്കു ചെയ്യുന്നത്. തന്നിലൂടെ രോഗശാന്തിയുണ്ടായി എന്നു വരുത്തിത്തീർക്കാൻ കള്ളസാക്ഷ്യം പറയിക്കുന്നു.

യേശുവോ ശിഷ്യൻമാരോ ശ്രോതാക്കളിൽ നിന്നു പണം തട്ടാനായി തന്ത്രങ്ങൾ പ്രയോഗിച്ചില്ല. പക്ഷേ തങ്കുവിനേപ്പോലുള്ളവർ പണം പിടുങ്ങാനായി എല്ലാവിധ തന്ത്രങ്ങളും പ്രയോഗിക്കുന്നു. ഇങ്ങനെ ലഭിച്ച പണം ഉപയോഗിച്ച് മണിമാളിക പണിയുന്നു. ഇതെന്തു സുവിശേഷം?

തങ്കു ജനത്തെ ക്രിസ്തുവിലേക്കല്ല തന്നിലേക്കുതന്നെയാണ് ആകർഷിക്കുന്നത്. തങ്കുവിന്റെ അനുയായികൾക്ക് ഒരു ദൈവമേയുള്ളൂ: അത് തങ്കുതന്നെയാണ്. തങ്കു പറയുന്നതെല്ലാം അവർക്കു വേദവാക്യമാണ്.

ഈ ലോകത്തെ രക്ഷിക്കാനായി ദൈവം തങ്കുവിനെ പ്രത്യേകമായി തിരഞ്ഞെടുത്തിരിക്കയാണത്രേ. കൾട്ടുകളുടെ നേതാക്കൻമാരെല്ലാം ഇത്തരം അവകാശവാദങ്ങൾ ഉന്നയിച്ചിട്ടുണ്ട്. ഇ.ജി.വൈറ്റും ബ്രൻഹാമും ജോസഫ് സ്മിത്തും മൂണും മറ്റും ഉദാഹരണങ്ങൾ. ഈ ലോകത്തിന്റെ രക്ഷ സ്വർഗ്ഗീയവിരുന്നിലൂടെയാണെന്നും തങ്കു പഠിപ്പിക്കുന്നു.

തങ്കുവിന്റെ സഭയിൽ പ്രസംഗിക്കാൻ പോയിട്ടുള്ള പെന്തക്കോസ്തുകാർ ആരൊക്കെ എന്നു പരിശോധിച്ചാലും സ്വർഗ്ഗീയവിരുന്നിന്റെ സാത്താന്യ സ്വഭാവം വ്യക്തമാകും. വ്യഭിചാരിയായ കെ.സി.ജോൺ, തട്ടിപ്പിന്റെ ആശാനായ എം.എ.വർഗീസ്, സർവ്വ ദുർഗ്ഗുണങ്ങളും തികഞ്ഞ സുരേഷ് ബാബു തുടങ്ങിയവരൊക്കെയാണ് തങ്കുവിന്റെ കൂട്ടുകാർ. ഉപദേശസത്യങ്ങളിൽ അടിയുറച്ചു വിശ്വസിക്കുന്നവരും ജീവിത വിശുദ്ധി കാത്തുസൂക്ഷിക്കുന്നവരുമായ ആരും തങ്കുവുമായി സഹകരിക്കുന്നില്ല, സഹകരിക്കാൻ കഴിയുന്നതുമല്ല.

സാമ്പത്തികമായി തകർന്നു തരിപ്പണമായിരിക്കുന്ന കാലത്താണ് തങ്കു ഈ വിരുന്നുപരിപാടി ആരംഭിച്ചത്. അതോടെ തങ്കു കോടീശ്വരനായി. എങ്ങനെ? ദൈവം ആകാശത്തുനിന്ന് ഇട്ടുകൊടുത്തു എന്നു പറയുന്നവരുണ്ടാകാം. പക്ഷേ അതല്ല സത്യമെന്ന് സാമാന്യ ബുദ്ധിയുള്ളവർക്കെല്ലാം അറിയാം. നിഷ്കളങ്കരായ വിശ്വാസികൾ ദൈവനാമത്തിൽ കൊടുത്ത പണമാണ് തങ്കുവിന്റെ കയ്യിലുള്ളത്. സുവിശേഷപ്രവർത്തനത്തിനുവേണ്ടി വിനിയോഗിക്കേണ്ട പണമാണ് തങ്കു ദീപാളികുളിക്കുന്നത്. ഈ നീചൻ ദൈവദാസനാകുന്നതെങ്ങനെ?

# വീട്ടിൽ ഒരു റഫറൻസ് ലൈബ്രറി


നിങ്ങളുടെ വീട്ടിലും ഒരു റഫറൻസ് ലൈബ്രറി ഒരുക്കാൻ ഇതാ ഒരു സുവർണ്ണാവസരം. 1500ൽ അധികം പുസ്തകങ്ങൾ. നാലു ലക്ഷത്തിൽ അധികം പേജുകൾ. പി.ഡി.എഫ് ഫോർമാറ്റിലുള്ള 40 സി.ഡികൾ. വില 1900 രൂപ മാത്രം. ട്രിനിറ്റി സ്ക്കൂൾ പുറത്തിറക്കിയിരിക്കുന്ന ഈ ക്ലാസിക്കൽ ഡിജിറ്റൽ ലൈബ്രറിയുടെ കോപ്പികൾ ഇപ്പോൾ ഡിഫെൻഡർ ഓഫീസിൽനിന്നും വിതരണം ചെയ്യുന്നു.

ജോസീഫസ് പോലുള്ള പ്രാചീന ഗ്രന്ഥങ്ങൾ മുതൽ ലൂഥർ, കാൽവിൻ തുടങ്ങിയ പ്രോട്ടസ്റ്റന്റ് നേതാക്കൻമാരുടെ പുസ്തകങ്ങളും നിരവധി ബൈബിൾ വ്യാഖ്യാന ഗ്രന്ഥങ്ങളും ഉൾപ്പെടുന്നതാണ് ഈ അത്യപൂർവ്വ ഗ്രന്ഥശേഖരം. ജോസീഫസ് പറഞ്ഞു, ലൂഥർ എഴുതി എന്നൊക്കെ ഇനി ഊഹം വെച്ച് പറയേണ്ടതില്ല.

ആകെ 1500ൽ അധികം പുസ്തകങ്ങൾ ഉള്ളതിനാൽ ഓരോ പുസ്തകത്തേക്കുറിച്ചും പ്രത്യേകമായി പറയാൻ ബുദ്ധിമുട്ടുണ്ട്. ക്രിസ്തീയലോകത്ത് ക്ലാസിക്കുകളായി അംഗീകാരം നേടിയിട്ടുള്ളവയാണ് എല്ലാ പുസ്തകങ്ങളും എന്ന് പൊതുവായി പറയാം. ഇവയിൽ നല്ലൊരു പങ്ക് ഇപ്പോൾ വിലയ്ക്ക് വാങ്ങാൻ പോലും കിട്ടുകയില്ല.

ഭൂരിപക്ഷം പുസ്തകങ്ങളും ഒറിജിനൽ പുസ്തകത്തിൽ നിന്ന് സ്ക്കാൻ ചെയ്ത് പി.ഡി.എഫ് ഫോർമാറ്റിൽ ആക്കിയിരിക്കുന്നു. ഏതാനും പുസ്തകങ്ങൾ ടൈപ്പ് ചെയ്ത് പി.ഡി.എഫിലോ എച്ച്.റ്റി.എം.എൽ ഫോർമാറ്റിലോ സെറ്റ് ചെയ്തിരിക്കുന്നു. ആകെ 40 സി.ഡികളിലായി, അക്ഷരമാലാ ക്രമത്തിൽ, ഒരുക്കിയിരിക്കയാണ് ഈ പുസ്തകങ്ങൾ. എല്ലാംകൂടി നാല് ലക്ഷത്തിൽ അധികം പേജുകൾ. പുസ്തകരൂപത്തിൽ വാങ്ങിയാൽ 10 ലക്ഷം രൂപയെങ്കിലും ചെലവാകും.

ഇംഗ്ലീഷ് അറിയാവുന്നവർക്ക് ഈ സി.ഡികൾ വാങ്ങി കമ്പ്യൂട്ടറിൽ ഇട്ട് ഉപയോഗിക്കാം. (ഇംഗ്ലീഷ് അറിയാത്തവരും സ്വന്തമായി കമ്പ്യൂട്ടർ ഇല്ലാത്തവരും ഈ സി.ഡികൾ വാങ്ങരുത്). ഈ സി.ഡികളേക്കുറിച്ച് കൂടുതൽ വിവരങ്ങൾ അറിയാൻ ആഗ്രഹിക്കുന്നവർ 0484-3232356, 9447414608 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.
Email: tsbalan@yahoo.com

40 സി.ഡികൾ അടങ്ങുന്ന ഒരു സെറ്റിന്റെ വില 4000 രൂപയാണ്. എന്നാൽ ഇപ്പോൾ സൗജന്യ വിലയായ 1900 രൂപയ്ക്ക് 40 സി.ഡികൾ ലഭിക്കും.

സി.ഡികൾ ആവശ്യമുള്ളവർ T.S.Balan എന്ന പേരിൽ 1900 രൂപ മണിയോർഡർ/ചെക്ക്/ഡ്രാഫ്റ്റ് എടുത്ത് താഴെ കാണുന്ന വിലാസത്തിൽ അയച്ചുതരിക. പണം ഓഫീസിൽ ലഭിച്ചാലുടൻ സി.ഡികൾ കുരിയർ/സ്പീഡ് പോസ്റ്റിൽ അയച്ചുതരുന്നതാണ്. വിദേശ രാജ്യങ്ങളിലേക്ക് സ്പീഡ് പോസ്റ്റിൽ സി.ഡികൾ അയയ്ക്കും. വില: US$ 100 or Rs.4000/-. ഗൾഫിലുള്ളവർ 1900 രൂപയും ഇന്ത്യയിലെ വിലാസവും അയയ്ക്കുക.

Address:
T.S.Balan
Anand Bhavan
Near: KSRTC,
Perumbavoor P.O.,
Ernakulam Dist. Pin. 683 542

# കണ്ടവരുണ്ടോ മോനായിയുടെ ബഥേൽ തിയോളജിക്കൽ കോളേജ്?



ഇക്കൊല്ലം പുറത്തിറങ്ങിയ ഹാലേലൂയ്യാ ഡയറക്ടറിയിൽ സി.പി. മോനായിയേക്കുറിച്ച് ഇ പ്രകാരം എഴുതിയിരിക്കുന്നു: ''ഐ.പി.സി കരുണാപുരം ഏരിയാ സെക്രട്ടറിയും ബഥേൽ ബൈബിൾ കോളേജ് കരുണാപുരം പ്രിൻസിപ്പാളും പോത്തിൻകണ്ടം സഭാശുശ്രൂഷകനുമാണ്.'' ഇതു മോനായിതന്നെ എഴുതിക്കൊടുത്തതാണ്. അതുകൊണ്ടു ചോദിക്കട്ടെ: ബഥേൽ തിയോളജിക്കൽ കോളേജ് കരുണാപുരം എന്നൊരു സാധനം ഈ ഭൂമിമലയാളത്തിലോ ഭൂഗോളത്തിലോ ഉള്ളതായി അറിവില്ല. അതുകൊണ്ട് മോനായിതന്നെ ഈ ബൈബിൾ കോളേജ് എവിടെ സ്ഥിതിചെയ്യുന്നു എന്ന് വെളിപ്പെടുത്തണം. മാലോകർ ഈ സ്ഥാപനം ഒന്നു കണ്ടോട്ടെ, പ്ലീസ്.

# ഐ.പി.സിയെ തൊട്ടാൽ തൊട്ടവനെ തട്ടുമെന്ന്

ഐ.പി.സിയെ തൊട്ടാൽ തൊട്ടവനെ തട്ടും. റ്റി.എസ്.ബാലനെയാണ് സൗദിയിലുള്ള രണ്ടുപേർ ഈ സന്തോഷവാർത്ത അറിയിച്ചത്. ആരാണ് ഈ രണ്ടുപേർ? അറിഞ്ഞുകൂടാ. സ്വന്തം പിതൃത്വത്തേക്കുറിച്ച് മാതാശ്രീകളിൽനിന്നു കൃത്യമായ വിവരം ലഭിച്ചിട്ടില്ലാത്തതുകൊണ്ട് ഇവർ പേരു വെളിപ്പെടുത്തിയില്ല. എങ്കിലും ഇവർ വിളിച്ചത് റ്റി.എസ്.ബാലന്റെ മൊബൈലിലേക്കാകയാൽ ഇവരുടെ ഫോൺ നമ്പറുകൾ പറയാൻ കഴിയും. +966-502434819, +966-502086608.

കടുത്ത ഐ.പി.സി ഭക്തരാണ് ഇവർ എന്ന് സംഭാഷണത്തിൽ നിന്നു വ്യക്തമായി. ഡിഫെൻഡർ ഇന്റർനെറ്റിൽ കണ്ടാണ് ഇവർ വിളിച്ചത്. തട്ടിക്കളയുമെന്ന ഭീഷണി കേൾക്കുമ്പോൾ ബാലൻ ഭയന്നു വിറയ്ക്കുമെന്നും ഐ.പി.സിയേക്കുറിച്ച് എഴുതുന്നതു നിർത്തുമെന്നുമാണ് ഈ കൗലടേയൻമാർ കരുതുന്നതെന്നു തോന്നുന്നു. ഏതായാലും ഈ ഫോൺ നമ്പറുകൾ ആരുടേതാണെന്ന് സൗദിയിലുള്ള സഹോദരങ്ങൾ അന്വേഷിച്ചു കണ്ടുപിടിച്ച് അറിയിച്ചാൽ ഉപകാരമായി.

# പുനലൂരിലിങ്ങനെ തൊടുപുഴയിലങ്ങനെ

അസംബ്ലീസ് ഓഫ് ഗോഡിലെ നിയമങ്ങൾ ടി.ജെ.ശാമുവൽ വളച്ചാൽ വളയും, തിരിച്ചാൽ തിരിയും. സംശയമുള്ളവർ ഈയിടെ പുനലൂരിൽ നടന്ന ഒരു സംഭവം കേൾക്കൂ. പുനലൂരിലുള്ള ഒരു എ.ജി പ്രസ്ബിറ്റർ ഏതോ ഒരു സ്ത്രീക്ക് ഒരു വിശുദ്ധചുംബനം കൊടുത്തു എന്നൊരു കിംവദന്തി പരന്നു. പരാതി ടി.ജെ.ശാമുവലിന്റെ ചെവിയിൽ എത്തിയപ്പോൾത്തന്നെ നടപടിയുമുണ്ടായി. പാസ്റ്ററെ ശുശ്രൂഷയിൽ നിന്ന് സസ്പെന്റ് ചെയ്തു. സംഭവം ശരിയോ തെറ്റോ എന്നുപോലും അന്വേഷിച്ചില്ല. വിശുദ്ധിയുടെ നിറകുടമായ ഈ ടി.ജെ. ശാമുവൽ തൊടുപുഴയിൽ ചെയ്തത് നേരെ വിപരീതമാണ്. എൻ.ജി. രാജു എന്ന പാസ്റ്റർ കാട്ടിക്കൂട്ടിയതൊക്കെ തെളിവുകൾ സഹിതം ഹാജരാക്കിയിട്ടും നടപടിയുണ്ടായില്ലെന്നു മാത്രമല്ല പരാതി ഉന്നയിച്ചവർക്കെതിരെ നടപടിയെടുക്കാൻ പദ്ധതി തയ്യാറാക്കുകയും ചെയ്തു. ഇവനും ഒരു പാസ്റ്ററാണ്, ഒരു പ്രസ്ഥാനത്തിന്റെ തലവനുമാണ്.




# സാമച്ചനും കുഴപ്പത്തിലായി



ഇന്റർ നാഷണൽ തട്ടിപ്പുകാരനായ സാമച്ചനും കുഴപ്പത്തിലായി. ഇയാളുടെ നടപടികളും സ്വത്തുവിവരവങ്ങളും അന്വേഷിക്കണമെന്നാവശ്യപ്പെട്ട് പുനലൂരിൽ പൊതുജനങ്ങൾ സർക്കാരിന് നിവേദനം നൽകിയിട്ടുണ്ട്.

തരംകിട്ടുന്നിടത്തെല്ലാം വ്യഭിചരിച്ചു നടക്കുന്ന സാമച്ചൻ കള്ളപ്രവചനം, വ്യാജരോഗശാന്തി തുടങ്ങിയവയിലൂടെയാണ് ജനവഞ്ചന നടത്തുന്നത്. എത്രവലിയ കള്ളവും പറയാൻ മടിയില്ലാത്ത ഇയാളെ കാലഘട്ടത്തിന്റെ പ്രവാചകൻ എന്നാണ് ചിലർ വിശേഷിപ്പിക്കുന്നത്. ശ്രീലങ്കൻ പ്രസിഡന്റ്, ഷാർജയിലെ ഷേക്ക് തുടങ്ങിയ ലോകനേതാക്കൾ ഇയാളോടു ചോദിച്ചിട്ടാണത്രേ പ്രധാന തീരുമാനങ്ങളെല്ലാം എടുക്കുന്നത്. ഒരിക്കൽ ഇയാൾ ഫോണിലൂടെ എബ്രായഭാഷ അന്യഭാഷയായി പറഞ്ഞത്രേ. ഇങ്ങനെ നട്ടാൽ കുരുക്കാത്ത കള്ളങ്ങൾ പറഞ്ഞുനടക്കുന്ന ഈ ആഭാസനെ ദൈവത്തേപ്പോലെ കണക്കാക്കുന്ന നിരവധി ആളുകൾ ലോകമെമ്പാടുമുണ്ട്.

കള്ളപ്രവചനം നടത്തി സാധുക്കളെ കബളിപ്പിച്ച് ഇയാൾ കോടിക്കണക്കിനു രൂപയുടെ വസ്തുവകകൾ ഉണ്ടാക്കിയിട്ടുണ്ട്. പുനലൂരിനു സമീപമുള്ള കരവാളൂരിലാണ് താമസം. ഏതായാലും ഈ കള്ളനെതിരെ പൊതുജനരോഷം ഉയരുന്നു എന്നറിഞ്ഞതിൽ സന്തോഷം.

## ടി.ജെയുടെ തന്ത്രം തൊടുപുഴയിൽ വിഫലം

ടി.ജെ.ശാമുവലിന്റെ സാത്താന്യ തന്ത്രങ്ങൾ തൊടുപുഴയിൽ പാളി. തൊടുപുഴയിൽ നിലവിലുള്ള പ്രസ്ബിറ്ററേയും സെക്രട്ടറിയേയും മാറ്റി എൻ.ജി.രാജു എന്ന ദുർമ്മാർഗ്ഗിയെ പ്രസ്ബിറ്ററും അയാളേപ്പോലുള്ള മറ്റൊരു നീചനെ സെക്രട്ടറിയുമാക്കാനായിരുന്നു ടി.ജെ.ശാമുവലിന്റെ ശ്രമം. ചുമ്മാഡോ ബാബു ജോർജിന്റെ നേതൃത്വത്തിൽ വോട്ടുപിടുത്തം തകൃതിയായി നടക്കുകയും ചെയ്തു. പക്ഷേ എൻ.ജി രാജു ദയനീയമായി പരാജയപ്പെട്ടു. പഴയ പ്രസ്ബിറ്ററും സെക്രട്ടറിയും വീണ്ടും തെരഞ്ഞെടുക്കപ്പെട്ടു.

## തങ്കുവിന് സ്വാഗതം: ടി.ജെ.ശാമുവൽ

തങ്കുവിനെ ഐ.പി.സിയിൽ അഫിലിയേറ്റ് ചെയ്യിക്കാൻ കെ.സി.ജോൺ കൊണ്ടുപിടിച്ചു ശ്രമിക്കുന്നതിനിടയിൽ ഈ കള്ളനെ അസംബ്ലീസ് ഓഫ് ഗോഡിലേക്ക് ടി.ജെ.ശാമുവൽ സ്വാഗതം ചെയ്തു. തങ്കുവിന്റെ പ്രതികരണം അറിവായിട്ടില്ല.

# ഈ കള്ളനെ സൂക്ഷിക്കുക




ഈ കള്ളനെ വായനക്കാർക്കു പരിചയമില്ലായിരിക്കാം. പക്ഷേ പരിചയപ്പെടേണ്ട വ്യക്തിയാണ്. ആത്മീയ തട്ടിപ്പിന്റെ കാര്യത്തിൽ ഡോക്ട്രേറ്റ് എടുത്തവനാണ് ഈ വിശുദ്ധൻ. പേര് യോഹന്നാൻ സാമുവൽ. കള്ളപ്രവചനമാണ് പ്രധാന പരിപാടി. രോഗശാന്തിയും അനുബന്ധ കലാപരിപാടികളും ഒപ്പമുണ്ട്. പേരും വിലാസവും ഫോൺ നമ്പറും ഫോട്ടോയിലുണ്ടല്ലോ. സകല തട്ടിപ്പുകാരുടേയും കേളീരംഗമായ പവ്വർ വിഷനിലാണ് ഇയാളും വേലയിറക്കുന്നത്.

കാടടച്ചു വെടിവെയ്ക്കുക എന്നൊക്കെ പറയാറില്ലേ? അതാണ് ഇയാളുടെ രീതി. പ്രസംഗത്തിനിടയിൽ വെറുതെ കുറെ പ്രവചനങ്ങൾ നടത്തും. ആർക്കെങ്കിലുമൊക്കെ അതു യോജിക്കും. ചില ഉദാഹരണങ്ങൾകൊണ്ട് ഇതു വ്യക്തമാക്കാം.

പ്രസംഗകൻ പറയുന്നു: ''മകന്റെ വഴിപിഴച്ച പോക്കിനെ ഓർത്തു ഭാരപ്പെടുന്ന സഹോദരീ, നീ രാത്രിക്കാലങ്ങളിൽ ദൈവസന്നിധിയിൽ കണ്ണീരൊഴുക്കുമെങ്കിൽ നിന്റെ മകനെ വിടുവിക്കാമെന്ന് ഇതാ ദൈവത്തിന്റെ ആത്മാവ് നിന്നെ അറിയിക്കുന്നു.'' എത്ര സഹോദരിമാർ ഈ പ്രസംഗം കേൾക്കുന്നുണ്ടാകുമെന്ന് പറയാനാവില്ലെങ്കിലും ആയിരം എന്ന് കണക്കാക്കാം. അതിൽ പത്തുപേരെങ്കിലും മകനെ ഓർത്ത് ദു:ഖിക്കുന്നുണ്ടാകും. ഈ പ്രസംഗം കേൾക്കുമ്പോൾ അവർ അത്ഭുതപ്പെട്ടുപോകും. ഇതാ ദൈവം സംസാരിക്കുന്നു. ഉടൻ ഈ കള്ള പാസ്റ്റർക്ക് അവർ ഫോൺ ചെയ്യും. കത്തോ പണമോ അയച്ചെന്നും വരാം. ഇതാണ് ഇയാളുടെ തന്ത്രം.

ഇതുപോലുള്ള പ്രവചനത്തിന് ചില സാമ്പിളുകൾകൂടി: ''കഠിനമായ വയറുവേദനയാൽ ഭാരപ്പെടുന്ന സഹോദരീ, ഇതാ ദൈവം നിന്നെ വിടുവിക്കുന്നു. മദ്യപനായ ഭർത്താവിനെ ഓർത്തു മന:പ്രയാസപ്പെടുന്ന സഹോദരീ, നീ പ്രാർത്ഥിക്കുമെങ്കിൽ ദൈവം നിന്റെ ഭർത്താവിനെ വിടുവിക്കും. ജോലിയില്ലാതെ ബുദ്ധിമുട്ടുന്ന സഹോദരാ, നീ ദൈവത്തിൽ ആശ്രയിക്കുമെങ്കിൽ ദൈവം നിക്കായി ഇതാ പുതുവഴികൾ തുറക്കാൻ പോകുന്നു.'' ഈ വിധത്തിൽ നൂറു കണക്കിന് ഉദാഹരണങ്ങൾ പറയാൻ കഴിയും. ഇത്തരം തട്ടിപ്പു നടത്തുന്നവരെ തിരിച്ചറിയാനുള്ള ബുദ്ധി പൊതുജനത്തിനുണ്ടാകണം.



# നുണപറയുന്നതു മരുപ്പച്ചയോ?

നുണപറയുന്നതാര് എന്ന തലക്കെട്ടിൽ കഴിഞ്ഞലക്കം ഡിഫെൻഡറിൽ പ്രസിദ്ധീകരിച്ച കുറിപ്പിന് മറുപടിയായി സങ്കീർത്തനം ദ്വൈവാരിക അയച്ചുതന്ന മറുപടി താഴെ കൊടുക്കുന്നു. മരുപ്പച്ച മറുപടി തന്നിട്ടില്ല. അതുകൊണ്ട് കള്ളം പറഞ്ഞത് മരുപ്പച്ചയാണെന്ന് ഊഹിക്കാം. അടുത്തലക്കം ഡിഫെൻഡർ പ്രസ്സിൽ കൊടുക്കുന്നതു വരെ മരുപ്പച്ച മറുപടി പറയുന്നില്ലെങ്കിൽ വ്യാജവാർത്ത പരത്തിയത് മരുപ്പച്ചയാണെന്ന് ഉറപ്പിക്കാം.

### സങ്കീർത്തനം സത്യത്തിന്റെ സാക്ഷിപത്രം

കഴിഞ്ഞലക്കം ഡിഫൻഡറിലെ നുണ പറയുന്നതാര് എന്ന വാർത്തയിൽ യു.എ.ഇയിലെ ഷാർജയിൽ ഗ്ലാഡിസ് സ്റ്റെയിൻസിനെ ആദരിച്ച സമ്മേളനം സംഘടിപ്പിച്ചത് സങ്കീർത്തനവും റൈറ്റേഴ്സ് ഫോറവും ചേർന്നാണോ എന്ന സംശയം ഉന്നയിച്ചിരുന്നതിനാലാണ് ഈ വിശദീകരണം.

ഒരു വർഷത്തിലധികമായി നീണ്ട ചർച്ചകൾക്കും ആലോചനകൾക്കുമൊടുവിലാണ് ഗ്ലാഡിസ് സ്റ്റെയിൻസിനെ ആദരിക്കുന്നയോഗം തീരുമാനിച്ചത്. ജയിംസ് മേമന, ഷിബു മുള്ളംകാട്ടിൽ എന്നിവരും ഞാനും പ്രാരംഭ ആലോചനകൾ നടത്തിയശേഷം സങ്കീർത്തനത്തിന്റെ എഡിറ്റോറിയൽ ബോർഡിലും, ഗൾഫ് മലയാളി റൈറ്റേഴ്സ് ഫോറത്തിന്റെ കമ്മറ്റിയിലും ഈ മീറ്റിങ്ങിനെക്കുറിച്ച് ആലോചിച്ചിട്ടുണ്ട്. ജയിംസ് മേമനയും, ഷിബു മുള്ളംകാട്ടിലും റൈറ്റേഴ്സ് ഫോറത്തിന്റെയും സങ്കീർത്തനത്തിന്റെയും പ്രവർത്തകരാണ്.

പത്രപ്രവർത്തകനും, ബ്രദറൺ സുവിശേഷകനുമായ ബാബു കെ.വർഗീസിലൂടെയാണ് ഗ്ലാഡിസ് സ്റ്റെയിൻസിനെ ഈ പരിപാടിക്ക് ക്ഷണിച്ചത്. ഈ പരിപാടിയെക്കുറിച്ചുള്ള ആദ്യ അറിയിപ്പിൽ തന്നെ ബാബു വർഗീസ് ഈ പരിപാടി സങ്കീർത്തനവും റൈറ്റേഴ്സ് ഫോറവും ചേർന്നാണ് നടത്തുന്നതെന്ന് ഗ്ലാഡിസിനെ അറിയിച്ചിരുന്നു.

ഷാർജയിൽ നടന്ന സമ്മേളനത്തിൽ പങ്കെടുത്ത മൂവായിരത്തിലധികംവരുന്ന ആളുകൾക്ക് ബോധ്യമായ കാര്യമാണ് ഈ പരിപാടി സങ്കീർത്തനവും റൈറ്റേഴ്സ് ഫോറവും സംയുക്തമായാണ് സംഘടിപ്പിച്ചതെന്ന്. കാരണം സ്റ്റേജിൽ പ്രദർശിപ്പിച്ച ബാനറിലും, അനൗൺസ്മെന്റുകളിലും എല്ലാം ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. മാത്രമല്ല ഗ്ലാഡിസിനെ യോഗത്തിൽ നൽകിയ പ്രശംസഫലകത്തിലും സങ്കീർത്തനവും റൈറ്റേഴ്സ് ഫോറവും സംയുക്തമായാണ് ആദരിക്കുന്നതെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ഷാർജയിലെ പരിപാടിയുടെ വീഡിയോ, സീഡി ഇതോടൊപ്പം വയ്ക്കുന്നു. ഇതു കാണുന്നവർക്കും സത്യം മനസിലാകും.

എന്റെ അടുത്ത സുഹൃത്താണ് ശ്രീ.അച്ചൻകുഞ്ഞ് ഇലന്തൂർ. ഞാൻ പരിപാടിക്കായി ഷാർജയിലേക്കു പോകുന്നതിനു തലേന്നാൾ ശ്രീ. അച്ചൻകുഞ്ഞ് ഇലന്തൂരിനെ ഫോണിലൂടെ ബന്ധപ്പെട്ട് സങ്കീർത്തനവും റൈറ്റേഴ്സ് ഫോറവും സംയുക്തമായി നടത്തുന്ന പരിപാടിക്കായി യു.എ.ഇ യിലേക്ക് യാത്രയാകുകയാണന്ന് പറഞ്ഞിരുന്നു. മുതിർന്ന പത്രപ്രവർത്തകനായ അദ്ദേഹത്തിന്റെ പത്രാധിപത്യത്തിൽ പുറത്തിറങ്ങുന്ന മരുപ്പച്ചയിൽ ഇത്ര ഗൗരവമായ ഒരു തെറ്റോടുകൂടിയ വാർത്ത പ്രസിദ്ധീകരിച്ചതിന്റെ കാരണം എനിക്കു വ്യക്തമല്ല.

പ്രശ്നം ഡിഫെന്ററിലൂടെ വിവാദമായപ്പോൾ ധാരാളമാളുകൾ എന്നെ ഫോണിലൂടെ ബന്ധപ്പെട്ടു. അവർ ഡിഫൈൻഡർ വായിച്ച വാർത്തയറിഞ്ഞതിനാൽ ഡിഫൻഡറിലൂടെതന്നെ മറുപടി നൽകാമെന്നു അവരോടു പറഞ്ഞതിനാലാണ് ഇങ്ങനൊരു വിശദീകരണം.

വിജോയ് സ്കറിയ
ചീഫ് എഡിറ്റർ
സങ്കീർത്തനം വാർത്താ പത്രിക



# കെ.എ.ഏബ്രഹാം കാണാതെപോയത്

കുപ്രസിദ്ധ ജനപ്രിയ വിഡ്ഢിയായ കെ.എ.ഏബ്രഹാമിന്റെ ഒരു പ്രസംഗം ഏതാനും ദിവസം മുൻപ് ചവറിൽ കേട്ടു. ''കാണാതെപോയതിനെ തിരഞ്ഞു രക്ഷിപ്പാനല്ലോ മനുഷ്യപുത്രൻ വന്നത്'' (ലൂക്കോ. 19:10) ആണ് കുറിവാക്യം.

കാണാതെപോകുക എന്നാൽ അവഗണിക്കുക എന്നാണ് അർത്ഥമെന്ന് മാന്യദേഹം വ്യാഖ്യാനിച്ചു. അവഗണിക്കപ്പെട്ടവരുടെ ഒരു നീണ്ടനിരതന്നെ അവറാൻ തുടർന്ന് അവതരിപ്പിച്ചു. ''കണ്ടും കാണാതെയും പോകുന്നവർ'' എന്ന് കൊച്ചുകുഞ്ഞുപദേശി എഴുതിയ പാട്ട് പാടുകയും ചെയ്തു. ഈ വിധത്തിൽ അവഗണിക്കപ്പെട്ടവരെ തിരഞ്ഞു രക്ഷിക്കാനാണ് കർത്താവായ യേശുക്രിസ്തു വന്നത് എന്നും പ്രഖ്യാപിച്ചു. ഭേഷ്.

കാണാതെപോയത് എന്നു കർത്താവ് ഇവിടെ പറയുന്നത് അവഗണിക്കപ്പെട്ടവരേക്കുറിച്ചാണോ? ഈ വാക്യം പി.ഒ.സി ബൈബിൾ ഇപ്രകാരമാണ്:

''നഷ്ടപ്പെട്ടുപോയതിനെ കണ്ടെത്തി രക്ഷിക്കാനാണ് മനുഷ്യപുത്രൻ വന്നിരിക്കുന്നത്.''

അവറാന് കാര്യം പിടികിട്ടിയോ? ഇല്ലെങ്കിൽ ഇംഗ്ലീഷ് കൂടി വായിക്കുക: For the Son of man came to seek and to save that which was lost.

സംശയം ഇനിയും ബാക്കി നിൽക്കുന്നുണ്ടെങ്കിൽ മൂല ഭാഷകൂടി പരിശോധിക്കൂ. കാണാതെപോയത് എന്നു മലയാളം ബൈബിളിൽ പറഞ്ഞിരിക്കുന്ന ഗ്രീക്ക് വാക്കിന് സ്ട്രോംഗ് നൽകുന്ന അർത്ഥം ഇതാണ്:

apollumi - to *destroy* fully (reflexively to *perish*, or *lose*), literally or figuratively: - destroy, die, lose, mar, perish.

അവഗണിക്കപ്പെട്ടത്, എല്ലാവരാലും ഉപേക്ഷിക്കപ്പെട്ടത് തുടങ്ങിയ അർത്ഥം ഈ വാക്കിനില്ലെന്ന് ഇനിയെങ്കിലും അവറാൻ തിരിച്ചറിയണം, വിവരക്കേട് എഴുന്നെള്ളിക്കുന്നത് നിർത്തണം.

# സഭയുടെ പണം ടി.ജെ. ശമുവേൽ ബന്ധുവിനുനൽകി

അസംബ്ലീസ് ഓഫ് ഗോഡിന്റെ പണം സഭനേതാവായ ടി.ജെ.ശാമുവലിന്റെ കുടുംബസ്വത്താണോ? ആണെന്ന മട്ടിലാണ് മേല്പടിയാന്റെ പെരുമാറ്റം. സഭയുടെ പണമെടുത്ത് ഒരു ബന്ധുവിന് കൊടുക്കാനും ഇയാൾ ഈയിടെ തയ്യാറായി.

ടി.ജെ.ശാമുവലിന്റെ അടുത്ത ബന്ധുവായ ഒരാൾ തിരുവനന്തപുരത്ത് ടി.ജെയുടെ സ്വന്തം ബൈബിൾ കോളേജ് ഭരിച്ചിരുന്നു. പക്ഷേ ഭരണം മൂത്ത് മറ്റു പലതുമായപ്പോൾ ഈ മാന്യദേഹത്തിന് അവിടെ നിൽക്കാനാവാത്ത സ്ഥിതിയുണ്ടായി. പക്ഷേ ബന്ധുവിനെ കൈവിടാൻ ടി.ജെ. ശാമുവലിന് പറ്റില്ലല്ലോ. അതുകൊണ്ട് ഈ മഹാന് ബാംഗ്ലൂരിൽ തിയോളജി പഠിക്കാനുള്ള ഏർപ്പാടുണ്ടാക്കി. പക്ഷേ അതിനു പണം വേണം. ആ പ്രശ്നവും ടി.ജെ.ശാമുവൽ വളരെയെളുപ്പം പരിഹരിച്ചു. ബന്ധുവിന്റെ പഠനം സഭയുടെ ചെലവിലാക്കി. എല്ലാ ചെലവും സഭയുടെ ഫണ്ടിൽ നിന്നു നൽകാൻ ഉത്തരവായി. (ആമേൻ)

# വെഷപ്പ് കെ.പി.യോഹന്നാൻ തട്ടിപ്പു നടത്തുന്നതെങ്ങനെ?

വെഷപ്പ് കെ.പി.യോഹന്നാന്റെ പണമിടപാടുകളേക്കുറിച്ച് വിശദമായി അന്വേഷിക്കാൻ കേരള സർക്കാർ കേന്ദ്രത്തോട് ആവശ്യപ്പെട്ടുമെന്ന് പത്രത്തിൽ കണ്ടു. നല്ലത്. അന്വേഷിക്കുക. പക്ഷേ അത്ര പെട്ടെന്നൊന്നും തട്ടിപ്പിന്റെ ഗുട്ടൻസ് പിടികിട്ടില്ല.

എങ്ങനെയാണ് യോഹന്നാൻ തിരുമേനി തട്ടിപ്പു നടത്തുന്നത്? കുടുംബ ട്രസ്റ്റിന്റെ മറവിൽ എന്ന് സാമാന്യമായി പറയാം. പക്ഷേ ഈ തട്ടിപ്പിന് അവസരമൊരുക്കിയതിൽ സർക്കാരിനുള്ള പങ്ക് നിഷേധിക്കാനാവില്ല. കുടുംബാംഗങ്ങൾ മാത്രമുള്ള ഈ ട്രസ്റ്റുകളെ ചാരിറ്റബിൾ ട്രസ്റ്റുകളായി അംഗീകരിച്ചത് സർക്കാരല്ലേ? ഈ ട്രസ്റ്റിന് എഫ്.സി.ആർ.എ നിയമപ്രകാരമുള്ള ഇളവ് നൽകിയത് കേന്ദ്രസർക്കാരല്ലേ? അതിനുള്ള എൻ.ഒ.സി കേരള സർക്കാരും നൽകിയില്ലേ? ഇനിയെങ്കിലും ആ തെറ്റു തിരുത്തുക. കെ.പി.യോഹന്നാന്റെ ട്രസ്റ്റുകൾക്ക് എഫ്.സി.ആർ.എയിൽ ഇളവു നൽകരുതെന്ന് കേരള സർക്കാർ കേന്ദ്ര സർക്കാരിനെ അറിയിക്കണം. ഇളവ് റദ്ദാക്കണം.

ഈ വെഷപ്പിന് എങ്ങനെയാണ് ഇത്രയധികം വിദേശപ്പണം ലഭിക്കുന്നതെന്ന് അന്വേഷിക്കുമെന്ന് സർക്കാർ പറയുന്നു. അതേപ്പറ്റി കൂടുതലൊന്നും അന്വേഷിക്കാനില്ല എന്നതാണ് വസ്തുത. സംഗതി വളരെ സിമ്പിൾ. ഗോസ്പൽ ഫോർ ഏഷ്യ എന്ന പേരിൽ കെ.പി. യോഹന്നാൻ അമേരിക്കയിൽ ഒരു ജീവകാരുണ്യസംഘടന ഉണ്ടാക്കിയിട്ടുണ്ട്. വ്യാപകമായ പബ്ലിസിറ്റി കൊടുത്ത് ഈ സംഘടന പണപ്പിരിവു നടത്തുന്നു. 2006ൽ മാത്രം 200 കോടിയോളം രൂപയ്ക്കുള്ള ഡോളർ ഈ സംഘടനക്കു ലഭിച്ചു. ഈ സംഘടന കെ.പി.യോഹന്നാന് ഇന്ത്യയിലുള്ള രണ്ടു സംഘടനകൾക്ക് പണം നൽകും. ചുരുക്കത്തിൽ, കൊടുക്കുന്നതും വാങ്ങുന്നതും കെ.പി.യോഹന്നാൻ. (ഇതേ അടവാണ് വൽസൻ സ്വീകരിച്ചിരിക്കുന്നതും. അമേരിക്കയിലുള്ള വൽസൻ ഇന്ത്യയിലുള്ള വൽസന് നൽകുന്നു). എന്തൊക്കെ ആവശ്യങ്ങൾക്കുവേണ്ടിയാണ് പണം അയയ്ക്കേണ്ടതെന്ന് കെ.പി. യോഹന്നാൻ തീരുമാനിക്കും. അതിനുശേഷം അമേരിക്കയിലുള്ള കെ.പി.യോഹന്നാൻ ഇന്ത്യയിലുള്ള കെ.പി.യോഹന്നാന് ഓരോ ആവശ്യത്തിനും പണമയയ്ക്കും. വിദേശഫണ്ട് ദുർവ്വിനിയോഗം ചെയ്തു എന്നുള്ള ആരോപണം ഉണ്ടാകുന്നത് ഈ വിധത്തിൽ ഒഴിവാക്കും. (വെഷപ്പിന്റെ പുത്തി കൊള്ളാം!).

# ഇതു കണ്ണുനീരിന്റെ ശാപം

പൊട്ടനെ ചെട്ടി ചതിച്ചാൽ ചെട്ടിയെ ദൈവം ചതിക്കും എന്നാണല്ലോ ചൊല്ല്. കെ.പി.യോഹന്നാനു സംഭവിച്ചിരിക്കുന്നത് ഇതു തന്നെ. ആയിരങ്ങളുടെ കണ്ണുനീരാണ് ഈ നീചനെ വേട്ടയാടുന്നത്.

കെ.പി.യോഹന്നാന്റെ കീഴിൽ ജോലിചെയ്തിട്ടുള്ളവരെല്ലാം കണ്ണുനീരോടെയാണ് ഇറങ്ങിപ്പോന്നിട്ടുള്ളത്. (ഇറക്കി വിട്ടിട്ടുള്ളത് എന്നു പറയുകയാകും കൂടുതൽ ശരി). ജി.എഫ്.എയിലെ രണ്ടാമനായിരുന്ന ജേക്കബ് ടി. ആന്റണി മുതൽ തൂപ്പുകാരൻ വരെയുള്ള എല്ലാവരുടെയും ഗതി ഇതായിരുന്നു. നൈനാൻ പുന്നൂസും ഇപ്പോൾ വെഷപ്പായി വിലസുന്ന ശമുവേൽ മാത്യുവും മാത്രമാണ് പത്തു വർഷത്തിൽ അധികംകാലം കെ.പിയോടൊപ്പം നിന്നിട്ടുള്ളത്.

കുരങ്ങന്റെ കൃഷിപോലെയാണ് കെ.പിയുടെ കലാപരിപാടി. വേരുകിളിർത്തോ എന്ന് ഇടയ്ക്കൊക്കെ പറിച്ചുനോക്കും. ജോലിക്കു ചേരുമ്പോൾ നിയമന ഉത്തരവ് നൽകില്ല. ജോലിക്കാരനെന്ന നിലക്ക് ഒരു രേഖയും ഉണ്ടാകില്ല. വളരെ ചെറിയ ശമ്പളമല്ലാതെ ഒരുവിധ ആനുകൂല്യവും നൽകില്ല. ആ ശമ്പളത്തിൽ നിന്ന് ദശാംശം പിടിക്കും. വിശ്രമമില്ലാതെ ജോലിയെടുപ്പിക്കും. ഏതാനും മാസം കഴിയുമ്പോൾ ഒരു മുന്നറിയിപ്പും കൂടാതെ പിരിച്ചുവിടും. ഇതാണ് പരിപാടി. ഇങ്ങനെ കെ.പി. വഴിയാധാരമാക്കിയവരുടെ കണ്ണുനീരാണ് ഇപ്പോൾ പാമ്പായി കെ.പി.യോഹന്നാനെ തിരിഞ്ഞു കൊത്തുന്നത്.



RNI No. 68089 / 97
2008 June 16

# THE DEFENDER

REGISTERED
KL/ALY/0031/2006-08

# പ്രവർത്തനവും പ്രതിപ്രവർത്തനവും പെന്തക്കോസ്തിൽ

എല്ലാ പ്രവർത്തനത്തിനും തുല്യവും വിപരീതവുമായ പ്രതിപ്രവർത്തനമുണ്ടാകുമെന്ന് ന്യൂട്ടൻ പറഞ്ഞത് പെന്തക്കോസ്തിലും അന്വർത്ഥമാകുമെന്ന് ഇപ്പോഴാണു മനസ്സിലായത്. ഈ മാസം 10ന് തിരുവല്ലയിൽ നടന്ന രണ്ടു മീറ്റിംഗുകളേക്കുറിച്ചാണ് പറഞ്ഞുവരുന്നത്.

1. പ്രതിഷേധ ഉപവാസം.

തിരുവല്ല ശാരോൻ ഹാളിൽ നടന്ന പ്രതിഷേധ ഉപവാസമാണ് ഈ മീറ്റിംഗുകളിൽ ഒന്ന്. മഹാനും പ്രഖ്യാപിത വിവരദോഷിയുമായ കെ.എ.ഏബ്രഹാമിന്റെ മഹനീയ നേതൃത്വത്തിലാണ് ഈ യോഗം നടന്നത്. രാജു പൂവക്കാലയും കുറെ ന്യൂ ജനറേഷൻ കലാകാരൻമാരും പങ്കെടുത്തു. പ്രധാനപ്പെട്ട എല്ലാ പെന്തക്കോസ്ത് നേതാക്കൻമാരും പങ്കെടുക്കുമെന്ന് പത്രത്തിൽ പരസ്യം ചെയ്തിരുന്നെങ്കിലും നേതാവെന്നു പറയാൻ തക്ക യോഗ്യതയുള്ള ആരും പങ്കെടുത്തില്ല.

പെന്തക്കോസ്തുകാരെ തകർക്കാൻ ഇടതുപക്ഷ സർക്കാർ കച്ചകെട്ടി ഇറങ്ങിയിരിക്കയാണെന്നും ഇതിനെതിരെ സകലമാന പെന്തക്കോസ്തുകാരും ഒന്നിച്ചുനിന്നു പോരാടണമെന്നുമായിരുന്നു അവറാൻ ഉൾപ്പെടെയുള്ള എല്ലാ കള്ളൻമാരും പറഞ്ഞത്. പക്ഷേ നേരേചൊവ്വേ സഭാപ്രവർത്തനം നടത്തുന്ന ആരെയെങ്കിലും സർക്കാർ പീഡിപ്പിച്ചതായി ചൂണ്ടിക്കാട്ടാൻ ആർക്കും കഴിഞ്ഞില്ല.

ദൈവത്തിന്റെ പേരുപറഞ്ഞ് ജനവഞ്ചന നടത്തി പണം തട്ടുന്ന വ്യാജൻമാരെ മാത്രമേ സർക്കാർ പിടികൂടുന്നുള്ളൂ. അങ്ങനെയിരിക്കെ ഇവർ ഭയപ്പെടുന്നതെന്തിന്? ഉത്തരം വ്യക്തം: തങ്ങളും പിടിക്കപ്പെടുമോ എന്ന് ഇവർ ഭയപ്പെടുന്നു. കാരണം, ഇവരും കള്ളൻമാരാണ്.

ഈ മീറ്റിംഗിൽ പങ്കെടുത്തവർ ആരൊക്കെ എന്ന് ഡിഫെൻഡർ നടത്തിയ അന്വേഷണത്തിൽ വ്യക്തമായി. വിദേശബന്ധമുള്ളവരും സുവിശേഷത്തിന്റെ പേരിൽ പണം പിരിച്ച് കോടീശ്വരൻമാരായവരുമാണ് എല്ലാവരും എന്നാണ് ഡിഫെൻഡർ കണ്ടെത്തിയത്. ഇവരെല്ലാം തങ്കുവിന്റെ ചെറിയ പതിപ്പുകളാണ്. ബൈബിൾ പഠിച്ചിട്ടുള്ളവർ വിരളം. രോഗശാന്തി, സമൃദ്ധിയുടെ സുവിശേഷം തുടങ്ങിയവയാണ് ഇവരുടെ കൈമുതൽ. മുടന്ത് ഒഴികെ എല്ലാ രോഗവും സൗഖ്യമാക്കുന്നു ഒരു വിദ്വാൻ. സകല രോഗവും സൗഖ്യമാക്കുന്നവരുമുണ്ട്. എം.എ.വർഗീസ്, അമോസ് സിംഗ്, റാംബാബു തുടങ്ങിയ കള്ളൻമാരുമായി അടുത്ത ബന്ധമുള്ളവരാണ് ഇവരെല്ലാം. ചുരുക്കത്തിൽ, കർത്താവായ യേശുക്രിസ്തുവിനെ മൊത്തമായും ചില്ലറയായും വിൽക്കുന്നവരാണ് ഈ മീറ്റിംഗിൽ പങ്കെടുത്ത് സർക്കാരിനെതിരായി യുദ്ധം പ്രഖ്യാപിച്ചത്. കെ.സി.ജോൺ അമേരിക്കയിലായിരുന്നതുകൊണ്ട് ഈ മീറ്റിംഗിൽ പങ്കെടുത്തില്ലെങ്കിലും ഇയാളുടെ അനുഗ്രഹത്തോടെയാണ് എല്ലാം നടന്നത്. സർക്കാരിനെതിരെയുള്ള ഈ നീക്കത്തിന്റെ നേതാവും ഇയാൾതന്നെ.

2. പ്രതിപ്രവർത്തനം.

ഉപവാസവീരൻമാരുടെ പ്രവർത്തനത്തിനെതിരെയുള്ള പ്രതിപ്രവർത്തനവും തിരുവല്ലയിൽ തന്നെയാണു നടന്നത്. തിരുവല്ല ശാരോനിൽ ഉപവാസം നടക്കുമ്പോൾ വൈ.എം.സി.എ ഹാളിൽ അപ്പോളജിസ്റ്റുകൾ ഒന്നിച്ചുകൂടി. കാനം അച്ചൻ ഉൾപ്പെടെയുള്ളവരായിരുന്നു ഈ മീറ്റിംഗിൽ പങ്കെടുത്തത്. ബൈബിളിന്റെ നിലപാടുകൾക്കു വിരുദ്ധമായി പ്രസംഗിക്കയും നിയമവിരുദ്ധ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നവർക്കെതിരെ യോജിച്ചു പോരാടാനാണ് ഇവർ ഒത്തുകൂടിയത്. സമൃദ്ധിയുടെ സുവിശേഷം, വ്യാജരോഗശാന്തി, കള്ളപ്രവചനം തുടങ്ങിയവയ്ക്കെതിരെ ശക്തമായി പ്രതികരിക്കാൻ ഇവർ തീരുമാനിച്ചു. അത്രയും നന്ന്.

പക്ഷേ ഇവിടേയും ഒരു പ്രശ്നമുണ്ട്. ഈ പരിപാടിയുടെ നേതൃത്വം ടി.എസ്.ഏബ്രഹാമിനാണ്. ആരാണ് ടി.എസ്.ഏബ്രഹാം? വ്യഭിചാരത്തിന്റെ ആൾരൂപം. കൊച്ചുമക്കളുടെ പ്രായം മാത്രമുള്ളവരെ വരെ വ്യഭിചരിച്ച നീചൻ. പെന്തക്കോസ്തിലെ ഏറ്റവും വലിയ കള്ളൻ. കടുത്ത അധികാരമോഹി. ഒരു ക്രിസ്ത്യാനി എന്തായിരിക്കരുതോ അതാണ് ടി.എസ്.ഏബ്രഹാം. ഇത്തരത്തിലുള്ള ഒരു നീചനെ നേതാവാക്കി വച്ചുകൊണ്ട് അപ്പോളജിസ്റ്റുകൾക്ക് എത്രത്തോളം മുൻപോട്ടു പോകാൻ കഴിയും?

ടി.എസ്.ഏബ്രഹാം ഈ പരിപാടിയുമായി സഹകരിക്കുന്നത് വിശ്വാസപരമായ കാരണങ്ങളാലല്ല എന്നതിനു സംശയമില്ല. മറുപക്ഷത്തിന്റെ നേതാവ് ടി.എസ്.ഏബ്രഹാമിന്റെ പ്രഖ്യാപിത ശത്രുവായ കെ.സി.ജോൺ ആണ്. എല്ലാ പെന്തക്കോസ്തുകാരുടേയും നേതാവെന്ന നിലയിലേക്ക് കെ.സി.ജോൺ വളർന്നാൽ അത് ടി.എസ്.ഏബ്രഹാമിന്റെ പിൻതലമുറയ്ക്ക് ദോഷം ചെയ്യും. വൽസന്റെ നില പരുങ്ങലിലാകും. അതുകൊണ്ടാണ് ടി.എസ്.ഏബ്രഹാം അപ്പോളജിസ്റ്റുകളുമായി സഹകരിക്കുന്നത്.

ടി.എസ്.ഏബ്രഹാം ആരാണെന്നു നന്നായറിയാവുന്നവരാണ് ഈ സംഘത്തിലെ അംഗങ്ങൾ. അങ്ങനെയിരിക്കെ ഈ നീചനെ അപ്പോളജിസ്റ്റുകൾ എന്തിനു തലപ്പത്തെടുത്തുവച്ചു? കാരണമുണ്ട്. മറുപക്ഷത്തിന്റെ നേതാവ് ഐ.പി.സി പ്രസിഡന്റായ കെ.സി.ജോൺ ആണ്. അപ്പോൾ അതിനു കിടപിടിക്കുന്ന ഒരാൾ ഇവരുടെ പക്ഷത്തും വേണം. ഐ.പി.സിയുടെ ഏകനും പ്രത്യക്ഷനുമായ ജനറൽ മിനിസ്റ്റർ എന്ന സാങ്കല്പിക പദവി വഹിക്കുന്ന ടി.എസ്.ഏബ്രഹാമിനോളം യോജിച്ച ഒരാളെ കണ്ടെത്തുക പ്രയാസം. അതുകൊണ്ടാണ് ഈ ആത്മീയ മൃതദേഹത്തെ അപ്പോളജിസ്റ്റുകൾ നേതാവായി കുടിയിരുത്തിയത്.

ടി.എസ്.ഏബ്രഹാമിന്റെ അപ്പനായ കെ.ഇ.ഏബ്രഹാം തികഞ്ഞ അപ്പോളജിസ്റ്റായിരുന്നു എന്നതു ശരിതന്നെ. ആദ്യകാല പെന്തക്കോസ്ത് നേതാക്കൻമാരെല്ലാം സത്യവിശ്വസത്തിന്റെ സംരക്ഷണത്തിനായി പോരാടി. പക്ഷേ ഇന്നത്തെ പെന്തക്കോസ്ത് നേതാക്കൻമാർക്ക് വിശ്വാസമില്ല, വിശ്വാസ സംരക്ഷണത്തിൽ താല്പര്യവുമില്ല. വ്യഭിചാരം, തട്ടിപ്പ്, വെട്ടിപ്പ്, കൊള്ള, കസേരകളി തുടങ്ങിയവയിലൊക്കെയാണ് ഇപ്പോൾ പെന്തക്കോസ്ത് നേതാക്കൻമാർക്കു താല്പര്യം. അപ്പോളജിസ്റ്റുകൾ നല്ല ഉദ്ദേശ്യത്തോടെയാണ് ഈ പരിപാടി തുടങ്ങിയിരിക്കുന്നതെങ്കിൽ നന്ന്. പക്ഷേ ഈ കടൽക്കിഴവനെ തോളിലേറ്റിക്കൊണ്ട് ഏറെദൂരം പോകാൻ നിങ്ങൾക്കു കഴിയില്ല.

പെന്തക്കോസ്തിലെ തിൻമകൾക്കെതിരെ ഡിഫെൻഡർ പോരാടാൻ തുടങ്ങിയിട്ട് ഒരു ദശാബ്ദത്തിലധികമായി. പെന്തക്കോസ്ത് നേതാക്കൻമാരാരും നാളിതുവരെ ഡിഫെൻഡറിന് അനുകൂലമായി ഒരു വാക്കുപോലും പറഞ്ഞിട്ടില്ലെന്നു മാത്രമല്ല ദ്രോഹിക്കാവുന്നതിന്റെ പരമാവധി ദ്രോഹിക്കയും ചെയ്തു. പക്ഷേ ഡിഫെൻഡറിന്റെ നിലപാടുകൾ ശരിയായിരുന്നു എന്ന് കാലം തെളിയിച്ചിരിക്കുന്നു.

സാം കുഴിക്കാല, കെ.പി യോഹന്നാൻ, തങ്കു, സാമച്ചൻ തുടങ്ങിയവർക്കെതിരെ ഡിഫെൻഡർ പലവട്ടം എഴുതി. ഇപ്പോഴിതാ അവർക്കെതിരെ അന്വേഷണമുണ്ടായിരിക്കുന്നു. ടി.എസ്.ഏബ്രഹാം, കെ.സി.ജോൺ തുടങ്ങി ഡിഫെൻഡർ പേരെടുത്തു പറഞ്ഞു വിമർശിച്ചിട്ടുള്ള എല്ലാ കള്ളൻമാർക്കെതിരേയും അന്വേഷണമുണ്ടാകും. ഡിഫെൻഡർ പറഞ്ഞതൊക്കെ ശരിയായിരുന്നു എന്ന് ലോകം മനസ്സിലാക്കും.

## വീട്ടിൽ ഒരു ബൈബിൾസ്ക്കൂൾ

വീട്ടിലിരുന്ന്, പരസഹായം കൂടാതെ, ദൈവവചനം പഠിക്കാൻ സഹായകമായ എം.പി.3 ഓഡിയോ സീഡികൾ. കമ്പ്യൂട്ടറിലും വി.സി.ഡി./ഡി.വി.ഡി പ്ലെയറിലും ഉപയോഗിക്കാം. ഒരു സി.ഡിയിൽ 10 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. 10 സി.ഡികളിലായി 100 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. വില: 900 രൂപ.

**വിഷയവിവരം:**

സി.ഡി.–1: അടിസ്ഥാന വേദോപദേശങ്ങൾ (രക്ഷ, സ്നാനം, പരിശുദ്ധാത്മസ്നാനം, വേർപാട്, കൂട്ടായ്മ, തിരുവത്താഴം, പ്രാർത്ഥന, വിശ്വാസജീവിതം തുടങ്ങിയവ).
സി.ഡി.–2: കൾട്ടുകൾ (കൾട്ടിന്റെ ലക്ഷണങ്ങൾ, യഹോവാസാക്ഷികൾ, ശാബതുകാർ, ബ്രൻഹാമിസം, റ്റി.പി.എം, മൊർമോൺ, ആത്മാവ്, നരകം, ത്രിത്വം.....).
സി.ഡി.–3: ആത്മലോകം (അദൃശ്യലോകം, കൃപാവരങ്ങൾ, ആത്മവിവശത, ദൈവദൂതൻമാർ, സാത്താന്യ തന്ത്രങ്ങൾ, ഭൂതബാധ, ഒക്കൾട്ട്, വഞ്ചിക്കുന്ന പിശാച്).
സി.ഡി.–4: ദുരുപദേശങ്ങൾ (ഉപദേശവും ദുരുപദേശവും, സ്വർഗ്ഗരാജ്യം, പൗരോഹിത്യം, കൂദാശകൾ, കന്യാമറിയം, വിശുദ്ധൻമാർ, സെന്റ് തോമസ്, പെരുന്നാളുകൾ).
സി.ഡി.5: ലോക മതങ്ങൾ (മതങ്ങളുടെ ഉത്ഭവം, ഹിന്ദുമതം, പ്രജാപതിപ്രശ്നം, ഇസ്ലാംമതം, ബുദ്ധമതം, ജൈനമതം, സിക്ക് മതം, സൊരവാസ്ട്രിയൻ മതം.....).
സി.ഡി.–6: വ്യാഖ്യാനശാസ്ത്രം (പഴയനിയമവ്യാഖ്യാനം, പുതിയനിയമവ്യാഖ്യാനം).
സി.ഡി.–7: ഭാവികാലശാസ്ത്രം (ഭാവികാലവും ബൈബിളും, മരണാനന്തരജീവിതം, യേശുവിന്റെ മടങ്ങിവരവ്, 70 ആഴ്ചവട്ടം, വെളിപ്പാടുപുസ്തകം, ന്യായവിധികൾ).
സി.ഡി.–8: ബൈബിളിൽ തെറ്റുണ്ടോ? (ബൈബിളിൽ തെറ്റുണ്ടെന്നു വാദിക്കുന്നവർ ഉന്നയിക്കുന്ന സംശയങ്ങൾക്കുള്ള മറുപടികൾ).
സി.ഡി.–9: ദൈവശാസ്ത്രപരമായ സംശയങ്ങൾ (ദൈവശാസ്ത്രവുമായി ബന്ധപ്പെട്ടുണ്ടാകുന്ന സംശയങ്ങൾക്കുള്ള മറുപടികൾ).
സി.ഡി.–10: ധാർമ്മിക പ്രശ്നങ്ങൾ (ആത്മാവിന്റെ പ്രമാണം, വൈവാഹിക പ്രശ്നങ്ങൾ, കുടുംബജീവിതം, മദ്യവും മയക്കുമരുന്നും, ആഭരണപ്രശ്നം തുടങ്ങിയവ).

## നിങ്ങൾക്കും പ്രസംഗകനാകാം

പുതിയനിയമത്തിൽ നിന്ന് 100 പ്രസംഗങ്ങളാണ് ഈ സി.ഡികളിൽ ഉള്ളത്. എം.പി.3 ഫോർമാറ്റിൽ 10 സി.ഡികൾ. ദൈവവചനത്തെ ദുർവ്യാഖ്യാനം ചെയ്യുന്നത് ഒഴിവാക്കുന്നതിനും വസ്തുനിഷ്ഠമായി ദൈവവചനം പ്രസംഗിക്കുന്നതിനും സഹായകം. ദൈവവചനം പ്രസംഗിക്കുന്നവർക്കുവേണ്ടി തയ്യാറാക്കിയത്. വില: 900 രൂപ.

സി.ഡി.–1: പുതിയനിയമം, പ്രോഗ്രസ് റിപ്പോർട്ട്, അജ്ഞാതദേവൻ, പ്രാകൃതമനുഷ്യൻ, എല്ലാം നൻമക്കായി, നിർമ്മല കന്യക, അധർമ്മത്തിന്റെ മർമ്മം, പരിശോധന, ഇവയിലധികമായി, നല്ല ശമര്യാക്കാരൻ.... തുടങ്ങിയവ.
സി.ഡി.–2: സ്നാപകൻ, കള്ളൻമാരുടെ ഗുഹ, മറുരൂപമലയിൽ, ധനവാനും ലാസറും, വചനംജഡമായി, ജീവജലം, സാക്ഷികൾ, എലീമാസ്, ചെന്നായ്ക്കൾ, സുവിശേഷം.
സി.ഡി.–3: നസ്രായൻ, നഷ്ടപ്പെട്ടവ, കാനായിൽ, വേലക്കാർ, ഓഡിനേഷൻ, വിപ്ലവം, പത്തുകന്യകമാർ, സത്യസുവിശേഷം, ന്യായവിധി, സാത്താന്റെ ദൂതൻ.
സി.ഡി.–4: ആത്മീയയുദ്ധം, വേർപാട്, ഓട്ടക്കളത്തിൽ, ഏക മദ്ധ്യസ്ഥൻ, ദുരുപദേശം, ഒനേസിമൊസ്, ഏകലക്ഷ്യം, മരിച്ചവരോടും, പ്രതിരോധം, വ്യാജൻമാർ.
സി.ഡി.–5: ദുരുപദേശക്കാർ, ദൈവമക്കൾ, ദുഷ്ടഹൃദയം, അടിസ്ഥാനം, ശുശ്രൂഷകർ, ഇണയല്ലാപ്പിണ, ശുദ്ധവും അശുദ്ധവും, പിതൃദേശം, ദൃഷ്ടാന്തങ്ങൾ, നല്ല ഇടയൻ.
സി.ഡി.–6: വെളിച്ചം, അത്ഭുതവിടുതൽ, ബലവാൻ, തൈലാഭിഷേകം, അടയാളങ്ങൾ, ദൈവംനട്ടത്, പൂർണ്ണസുവിശേഷം, ദേഹിയും ആത്മാവും, ശരിയായ സ്നാനം......
സി.ഡി.–7: പോരാട്ടം, യേശു ആര്?, സഭയെന്ന ദൈവാലയം, പാതാള ഗോപുരങ്ങൾ, സ്വർഗ്ഗരാജ്യം, ഇടർച്ചക്കാരൻ, പിൻമാറ്റം, മൂപ്പൻമാർ, തിരുവചനം, സൈമണി.
സി.ഡി.–8: മുന്തിരിവള്ളി, തിൻമയ്ക്കെതിരേ, നിത്യജീവൻ, അയയ്ക്കപ്പെട്ടവർ, എഴുന്നേറ്റുനടക്ക, പുനരുത്ഥാനം, നിത്യ പൗരോഹിത്യം, വീണ്ടുംജനനം......
സി.ഡി.–9: സത്യനമസ്ക്കാരം, ഉപവാസം, പാപം ചെയ്യാത്തവർ, കരുണയിൽ, തെറ്റിയൊഴിയുമോ, കുരുടൻമാർ, ശുശ്രൂഷകർ, മൂന്നു പരീക്ഷകൾ, തലീഥ കുമി....
സി.ഡി.–10: മാനസാന്തരപ്പെടുക, മരണപര്യന്തം, സാത്താന്റെ സിംഹാസനം, എല്ലാം കാണുന്നവൻ, ഉണരുക, തുറന്ന വാതിൽ, വാതിൽക്കൽ, ദൈവം മനുഷ്യരോടൊപ്പം.

വില: (ഇന്ത്യയിൽ) 10 സി.ഡികളുടെ സെറ്റ് - 900 രൂപ. രണ്ടു സെറ്റുകളും ചേർത്ത്-1800 രൂപ. പോസ്റ്റേജ് സൗജന്യം. വിദേശ രാജ്യങ്ങളിലേക്ക് സി.ഡികൾ സ്പീഡ് പോസ്റ്റിൽ അയയ്ക്കുന്നതാണ്. ഏതെങ്കിലും ഒരു സെറ്റ് - US$ 50 or Rs.2000/-. രണ്ടു സെറ്റുകളും ചേർത്ത്- US$ 100 or Rs.4000/-. പോസ്റ്റേജ് സൗജന്യം. യു.എ.ഇ., സൗദി എന്നീ ഗൾഫ് രാജ്യങ്ങളിൽ സി.ഡി നേരിട്ട് എത്തിച്ചുകൊടുക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് tsbalan@yahoo.com എന്ന ഈമെയിലിൽ ബന്ധപ്പെടുക. ബഹ്റിൻ: ബ്രദർ ആൻഡ്രൂസ്: Ph-39892236. മറ്റ് ഗൾഫ് രാജ്യങ്ങളിലുള്ളവർ വിലയും ഇന്ത്യയിലെ അഡ്രസ്സും അയയ്ക്കുക.

വില T.S.Balan എന്ന പേരിൽ ചെക്ക്/ഡി.ഡി./മണിയോഡർ ആയി താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കുക.

പ്രത്യേക ശ്രദ്ധക്ക്: ഡിഫെൻഡറിന്റെ പേരിൽ ചെക്ക്/ഡി.ഡി അയയ്ക്കരുത്. ഡിഫെൻഡർ എന്ന പേരിൽ അക്കൗണ്ടില്ല.

**Address: T.S.Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam Dist. Pin. 683 542**

Printed, Published and Owned by Anish Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam Dist., Kerala. Printed at: Perumbavoor Printers, Best Complex, Perumbavoor P.O., Ernakulam Dist., Kerala. Published at Anand Bhavan, Near: KSRTC, Perumbavoor. P.O., Ernakulam Dist. Kerala. Editor: Anish Balan